KOLO SURYOYO

വി. മർത്തമറിയം യൂത്ത് അസ്സോസിയേഷൻ മണർകാട് – മുഖപത്രം

ലക്കം –1 പുസ്തകം – 6 ജൂലൈ– 2008


# എൺപതിന്റെ നിറവിൽ ശ്രേഷ്ഠ കാതോലിക്കാ ബാവാ



*ശ്രേഷ്ഠ ബാവായ്ക്ക് കോലോസുറിയോയുടെ ആശംസകൾ*

മലങ്കര യാക്കോബായ സുറിയാനിസഭയുടെ ശ്രേഷ്ഠ കാതോലിക്കായായി വാഴിക്കപ്പെട്ടതിന്റെ ആറാം വാർഷികത്തോടൊപ്പം ജൂലൈ 22–ന് ബാവാ എൺപതാം വയസ്സിലേക്ക് പ്രവേശിച്ചു.

തന്റെ ആടുകളുടെ ശബ്ദം തിരിച്ചറിഞ്ഞ്, തന്റെ ജീവൻവരെ കൊടുക്കുവാൻ തയ്യാറായി വിശ്വാസ സമൂഹത്തിന് ആത്മീയ ദീപ്തിയും അനുഗ്രഹങ്ങളും പകർന്നാണ് ശ്രേഷ്ഠ ബാവാ എൺപതാം വയസ്സിലേക്ക് പ്രവേശിക്കുന്നത്.

നാട്യങ്ങളില്ലാത്ത പെരുമാറ്റത്തിലൂടെ തന്നോട് ഇടപെടുന്ന ആരുടെയും സ്നേഹബഹുമാനങ്ങൾ നേടുന്നതിൽ ബാവാ മലങ്കരയിലെ മറ്റ് സഭാപിതാക്കന്മാർക്ക് മാതൃകയാണ്. പിതൃസഹജമായ സ്നേഹവാൽസ്യങ്ങളുടെ മാധുര്യത്തോടെ ശ്രേഷ്ഠപിതാവ് മലങ്കര സഭയിലെ മക്കളുടെ മനസ്സിലേക്ക് ആഴ്ന്നിറങ്ങുന്നു. എളിമയിലൂടെയും കരുണയും ആർദ്രതയും നിറഞ്ഞവാക്കുകളിലൂടെയും ബാവാ ക്രിസ്തീയ സഭകളിൽ മുഴുവൻ നിറഞ്ഞുനിൽക്കുന്നു.

എറണാകുളം ജില്ലയിൽ പുത്തൻകുരിശിനടുത്ത് വടയമ്പാടിയിൽ പുരാതന പ്രശസ്തമായ ചെറുവള്ളിൽ മത്തായി–കുഞ്ഞമ്മ ദമ്പതികളുടെ എട്ടുമക്കളിൽ ആറാമനായി 1929 ജൂലായ് 22–നായിരുന്നു ബാവായുടെ ജനനം. തപാൽ വകുപ്പിൽ അഞ്ചലോട്ടക്കരനായി തുടങ്ങിയ ജീവിതം. പിന്നീട് വൈദീകപാഠശാലയിൽ എല്ലാവരെക്കാളും മുമ്പനായി ദൈവവചനം ഹൃദിസ്ഥമാക്കി ആത്മാക്കളെ സർഗ്ഗോന്മുഖമാക്കുന്ന ഉജ്ജ്വല പ്രഭാഷണങ്ങൾ നടത്തുന്ന സുവിശേഷകനായി.

പരി. അന്ത്യോഖാ സിംഹാസനത്തോടുള്ള കറയില്ലാത്ത വിശ്വാസവും കണ്ണീരിൽ കുതിർന്ന പ്രാർത്ഥനകളും സഭയോടുള്ള തികഞ്ഞ ആത്മാർത്ഥതയും ശ്രേഷ്ഠബാവാ തന്റെ ജീവിതത്തിലൂടെ വെളിവാക്കുന്നു.

സഭയുടെ പ്രതിസന്ധി കാലഘട്ടങ്ങളിൽ തളരാതെ അചഞ്ചലനായി സഭയെ നയിക്കുവാൻ ബാവായ്ക്ക് സാധിച്ചിട്ടുണ്ട്. യാക്കോബായസഭയ്ക്ക് ഭരണഘടനയുണ്ടാക്കുവാൻ സാധിച്ചത് ബാവായുടെ പരിശ്രമത്തിന്റെ ഫലമായാണ്.

മണർകാട് പള്ളിയിൽ എതിർവിഭാഗക്കാർ പ്രശ്നമുണ്ടാക്കിയപ്പോൾ ഓടിയെത്തി, പള്ളിക്കുള്ളിൽ മുട്ടിന്മേൽ ഇരുന്ന് പ്രാർത്ഥിച്ച ബാവായുടെ ചിത്രം മണർകാടുള്ളവരുടെ മനസ്സിൽനിന്ന് ഒരിക്കലും മായുകയില്ല. സഭയുടെ ആഭിമുഖ്യത്തിൽ, ബാവായുടെ നേതൃത്വത്തിൽ സാമൂഹികസേവനരംഗത്ത് നിരവധി പരിപാടികൾ പുരോഗമിക്കുന്നു. ഇതിന്റെ ഭാഗമായുള്ളമെഡിക്കൽ മിഷൻ പ്രവർ ത്തനം പരിശുദ്ധബാവാ ഉദ്ഘാ ടനം ചെയ്തു. ശ്രേഷ്ഠ ബാവായക്ക് സഭയെ മേയിച്ച് ഭരിക്കുവാൻ എക്കാലവും സാധിക്കട്ടെയെന്ന സഭാ മക്കളുടെ പ്രാർത്ഥന നിറവേറ്റപ്പെടട്ടെ.

# എട്ടുനോമ്പ് പെരുന്നാളിന് ഒരുക്കങ്ങൾ തുടങ്ങി

മണർകാട്: ആഗോള മരിയൻ തീർത്ഥാടന കേന്ദ്രമായ മണർകാട് വി. മർത്തമറിയം യാക്കോബായ സുറിയാനി കത്തീഡ്രലിൽ എട്ടു നോമ്പു പെരുന്നാളിന് ഒരുക്കങ്ങൾ തുടങ്ങി. പരിശുദ്ധ ദൈവമാതാവിന്റെ ജനനപ്പെരുന്നാളിനോടനുബന്ധിച്ചു സെപ്റ്റംബർ ഒന്നുമുതൽ എട്ടുവരെയാണു പെരുന്നാൾ. ശ്രേഷ്ഠ കാതോലിക്കാ ബാവായും അഭിവന്ദ്യ മെത്രാപ്പോലീത്തന്മാരും പെരുനാൾ ദിവസങ്ങളിൽ വി. കുർബ്ബാനയ്ക്കു കാർമ്മികത്വം വഹിക്കും.

സെപ്റ്റംബർ ഒന്നിന് നാലമണിക്ക് കൊടിമരം ഉയർത്തുന്നതോടെയാണു പെരുനാൾ ആരംഭിക്കുന്നത്. പള്ളിയിലെ വിവിധ ആധ്യാത്മിക സംഘടനകളുടെ വാർഷികം നാലിന് രണ്ടിനു ചേരും. ഏഴിന് നടതുറക്കും. അന്നു രാത്രി 10.00 ന് പ്രദക്ഷിണം തുടർന്ന് കരിമരുന്നു പ്രയോഗം. എട്ടിന് ഉച്ചകഴിഞ്ഞു നടക്കുന്ന നേർച്ചവിളമ്പിനായി 1101 പറ അരിയുടെ പാച്ചോറാണ് തയ്യാറാക്കുന്നത്. വികാരി വന്ദ്യ ദിവ്യശ്രീ ഇ. ടി. കുറിയാക്കോസ് കോർ എപ്പിസ്കോപ്പ ഇട്ട്യേടത്ത് കൺവീനറായി 1001 അംഗ കമ്മിറ്റി രൂപീകരിച്ചു.



മലങ്കരയുടെ പുലിക്കോട്ടിൽ മാർ ദിവന്നാസ്യോസ് യൗസേഫ് മെത്രാപ്പോലീത്താ (വയസ്സ് 57) യെ സെക്രട്ടറി ഇ. എം. ഫിലിപ്പ്, ഇടവഴിക്കൽ (വയസ്സ് 31) 1889–ലെ റോയൽ അപ്പീൽ (സിമ്മനാരി കേസ്) വിധി വായിച്ചു കേൾപ്പിക്കുന്നു. കോട്ടയം പഴയ സിമ്മനാരി കമ്മട്ടി മാളികയിൽ 1890–ൽ സ്ഥാപിച്ചിരിക്കുന്നതും, കിളിമാനൂർ രാജാരവിവർമ്മയാൽ രചിക്കപ്പെട്ടതുമായ ചിത്രത്തിൽനിന്ന്

# സ്വർഗ്ഗാരോഹണപ്പെരുന്നാൾ

വി. ദൈവമാതാവിന്റെ സ്വർഗ്ഗാരോഹണ പെരുന്നാൾ ദിവസമായ ആഗസ്റ്റ് 15-ാം തീയതി അഭിവന്ദ്യ തോമസ് മോർ തീമോത്തിയോസ് മെത്രാപ്പോലീത്ത തിരുമനസ്സുകൊണ്ട് വി.മൂന്നിന്മേൽ കുർബ്ബാനക്ക് മുഖ്യ കാർമ്മികത്വവും വഹിക്കുന്നതാണ്. സ്വർഗ്ഗാരോഹണ പെരുന്നാളിനോടുബന്ധിച്ച് ആഗസ്റ്റ് 1 മുതൽ 15 വരെ പതിനഞ്ച് നോമ്പ് സഭ ക്രമീകരിച്ചിരിക്കുന്നു.

# അധ്യാപകവാർഷികം നടത്തി

മണർകാട്: വി. മർത്തമറിയം സുറിയാനി കത്തീഡ്രലിന്റെ കീഴിൽ പ്രവർത്തിക്കുന്ന 16 സൺഡേസ്കൂളിലേയും അധ്യാപകരുടെ ഏകദിന സെമിനാർ ജൂലൈ 6-ന് മണർകാട് സെന്റ് മേരീസ് ഹൈസ്കൂളിൽ നടത്തപ്പെട്ടു. ഫാ. ഇ. റ്റി. കുര്യാക്കോസ് കോർഎപ്പിസ്കോപ്പ ഇട്ടാടത്ത് ഉദ്ഘാടനം ചെയ്തു. ഡീക്കൻ ബെന്നി ജോൺ ചിറയത്ത് ക്ലാസ്സ് നയിച്ചു. 100-ൽപരം അധ്യാപകർ സംബന്ധിച്ചു.

# ഹർത്താൽ എന്ന കേരളത്തിന്റെ ശാപം

രാജ്യത്തിന്റെ വികസനത്തെ 10 വർഷമെങ്കിലും പിന്നോട്ടടിക്കുന്ന ബന്ദുംകളു ഹർത്താലും വേണ്ടെന്ന് ഇൻഡ്യയിലെ എല്ലാ രാഷ്ട്രീയ പാർട്ടികളും തീരുമാനം എടുത്തേ മതിയാവു. അല്ലായെങ്കിൽ ഹർത്താലിലും ബന്ദിലുമൊക്കെ ജീവനും വസ്തുവകകളും നഷ്ടപ്പെട്ടവർ ഇതിന് ആഹ്വാനം ചെയ്യുന്നവരെ കയ്യേറ്റം ചെയ്യുന്ന കാലം അതിവിദൂരമല്ല. ഇപ്പോൾത്തന്നെ കോടതിയുടെ ഭാഗത്തുനിന്ന് ചില നല്ല നടപടികൾ ഇക്കാര്യത്തിൽ ഉണ്ടായി എന്നത് വിസ്മരിക്കാനാവുന്നതല്ല. ഹർത്താലിന് ആഹ്വാനം ചെയ്യുന്നവരിൽനിന്ന് നാശനഷ്ടങ്ങളുടെ വില ഈടാക്കി തുടങ്ങിയിരിക്കുന്നു. ഇത്രയൊക്കെ ആയെങ്കിലും അഹന്ത വെടിഞ്ഞ്, പൗരജനങ്ങളുടെ നന്മ മാത്രം മനസ്സിലാക്കി പ്രവർത്തിക്കുവാൻ എന്തുകൊണ്ട് രാഷ്ട്രീയ പാർട്ടികൾ മടിക്കുന്നു എന്നത് ഇനിയും കണ്ടെത്തേണ്ടിയിരിക്കുന്നു.

ഓരോ പ്രാവശ്യവും ഹർത്താലിന് ആഹ്വാനം ചെയ്യുമ്പോൾ അതു ഉണ്ടാക്കുന്ന കഷ്ടനഷ്ടങ്ങൾ വളരെ വലുത് തന്നെയാണ്. പ്രത്യേകിച്ചും നിനച്ചിരിക്കാത്ത സമയത്ത് വരുന്ന ഹർത്താൽ ആഹ്വാനങ്ങൾ. ഇതിന്റെ ദൂഷ്യഫലങ്ങൾ അനുഭവിക്കേണ്ടിവരുന്നത് ഇതുമായി യാതൊരു ബന്ധവുമില്ലാത്തവർക്കാണ് എന്നത് മറ്റൊരു സത്യവുമാണ്. അതുകൊണ്ട് ആര് തെറ്റ് ചെയ്യുവാൻ പ്രേരിപ്പിക്കുന്നുവോ ആരോട് പ്രതിഷേധിക്കേണ്ടിവരുന്നോ അവർ മാത്രം പ്രയാസം അനുഭവിക്കത്തക്കവിധത്തിൽ ഹർത്താലുകൾ മാറ്റിയെടുക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. ഭസ്മാസുരന് വരം കൊടുത്തതുപോലെയുള്ള ഈ ഏർപ്പാട് ഇനിയെങ്കിലും രാഷ്ട്രീയ പാർട്ടികൾക്ക് നിർത്തിക്കൂടെ?

വാസ്തവത്തിൽ ബന്ദിനും ഹർത്താലിനുമെതിരെ എത്ര മാത്രം ബഹുജനാഭിപ്രായം ഇതിനോടകം പുറത്തുവന്നുകഴിഞ്ഞു?

തങ്ങൾക്ക് ഇഷ്ടമില്ലാത്ത എന്തിനേയും എതിർക്കുക, നശിപ്പിക്കുക, തോൽപ്പിക്കുക. ഇത് കേരളീയ ജീവിതത്തിലെ ഒരു പോതുതത്ത്വമായി മാറിക്കഴിഞ്ഞിരിക്കുന്നു. അത് രാഷ്ട്രീയ പാർട്ടികളായാലും ആത്മീയ സംഘടനകളായാലും ഭൗതിക പ്രസ്ഥാനങ്ങളായാലും ഈ ശൈലി കാണുവാൻ സാധിക്കും. ഇത്തരം നശീകരണ പ്രവണതകൾക്ക് കടിഞ്ഞാൺ ഇട്ടേ മതിയാകു. ലോകം അതിവേഗം വളർന്നുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ പഴഞ്ചൻ പ്രമാണങ്ങളും തിരുകിപ്പിടിപ്പിച്ച് വികസന പ്രക്രിയകൾക്ക് തുരങ്കം വയ്ക്കുന്നവരെ പ്രബുദ്ധരായ കേരളീയർക്ക് തിരിച്ചറിയുവാൻ സാധിക്കേണ്ടിയിരിക്കുന്നു. ആഗോളവൽക്കരണം ഈ നൂറ്റാണ്ടിലെ ഏറ്റവും വേഗമേറിയ വികസന സൂത്രമായി മാറിക്കഴിഞ്ഞിരിക്കുകയാണ്. ഇതിന്റെ ചുവടുകൾക്കൊപ്പിച്ച് ദൂഷ്യവശങ്ങളെ പിന്തള്ളി നമുക്കു മുൻപോട്ടു പോകുവാൻ കഴിഞ്ഞില്ലെങ്കിൽ ലോക രാജ്യങ്ങളുടെ ഇടയിൽ നാമം പിൻതള്ളപ്പെടുമെന്നതിൽ സംശയം വേണ്ട.

ജൂലൈ 3-ലെ ഹർത്താൽ കേരളത്തിലെ ജനങ്ങൾ ആഘോഷമാക്കിയപ്പോൾ, തമിഴ്നാട്, കർണാടകം, ആന്ധ്രാ തുടങ്ങിയ സംസ്ഥാനങ്ങളിൽ ഹർത്താലിന് യാതൊരുവിധ തടസ്സങ്ങളും അവിടുത്തെ ജനങ്ങളുടെ പ്രവർത്തന മേഖലകളെ തടസ്സപ്പെടുത്തിയില്ല എന്ന കാര്യം ശ്രദ്ധേയമാണ്.

ഹർത്താലിന് പകരം നല്ല പ്രതിഷേധ മാർഗ്ഗങ്ങൾ രാഷ്ട്രീയ പാർട്ടികളുടെ തലയിൽ ഉദിക്കുവാൻ നമുക്ക് ദൈവത്തോട് പ്രാർത്ഥിക്കാം. ഈ ഹർത്താലുകളിൽനിന്ന് ജഗദീശ്വരൻ നമ്മെ രക്ഷിക്കട്ടെ.

# മോർ ഗ്രീഗോറിയോസ് യൂഹാനോൻ ബാർ എബ്രായ

ആബൂൻ

ദൈവദാനമായി തനിക്കു ലഭിച്ച പ്രതിഭയെ തിരുനാമ മഹത്വത്തിനും സുറിയാനി സഭയുടെ ശ്രേയസ്സിനും ആയി വിനിയോഗിച്ച ശ്രേഷ്ഠ പിതാവാണ് മോർ ഗ്രിഗോറിയോസ് ബാർ എബ്രായ. മഹാനായ മിഖായേൽ റാബോ പാത്രിയർക്കീസിനുശേഷം സുറിയാനി സഭാ നഭസ്സിലേക്ക് ഉദിച്ചുയർന്ന വെള്ളി നക്ഷത്രമാണ് ബാർ എബ്രായ. മഫ്രിയാനാമാരുടെ ചരിത്രത്തിൽ സ്വർണ്ണ ലിപികളിൽ രേഖപ്പെടുത്തിയ നാമമാണ് അദ്ദേഹത്തിന്റേത്.

മോർ ഗ്രീഗോറിയോസ് യൂഹാനോൻ 1226-ൽ തുർക്കിയിലെ മെലിറ്റിനിൽ ജനിച്ചു. സുറിയാനിക്കാർ ഇദ്ദേഹത്തെ ബാർ എബ്രായ എന്നാണ് വിളിച്ചിരുന്നത്. ഇദ്ദേഹത്തിന്റെ അറബി നാമം അബു-അൽ-ഫറാജ് എന്നാണ്. ഇദ്ദേഹത്തിന് ജമാൻ അൽഡിൻ എന്നൊരു വിളിപ്പേരുമുണ്ടായിരുന്നു.

പൗരസ്ത്യദേശക്കാർ ഇദ്ദേഹത്തിന് ഇബ്റി അഥവാ എബ്രായ എന്നു പേരുവിളിക്കാനുള്ള കാരണം ഇദ്ദേഹം യഹൂദ പാരമ്പര്യത്തിൽനിന്ന് വന്നവനായതുകൊണ്ടാണെന്നും ഇദ്ദേഹത്തിന്റെ പിതാവ് മതപരിവർത്തനം ചെയ്ത് ക്രിസ്ത്യാനിയായതുകൊണ്ടാണെന്നുമുള്ള തെറ്റായ വാദങ്ങൾ ഉന്നയിക്കുന്നുമുണ്ട്. പരി. അഫ്രേം പ്രഥമൻ പാത്രിയർക്കീസ് ബാവാ പുരാതന രേഖകൾ പരിശോധിച്ച്, ബാർ എബ്രായയുടെ തന്നെ ഒരു പദ്യശകലം ഉദ്ധരിച്ചുകൊണ്ട് ഈ വാദഗതി ഖണ്ഡിക്കുന്നുണ്ട്.

ബാർ എബ്രായയുടെ പിതാവ് ശെമ്മാശനായ റ്റാജൽ-ഡിൻ. അഹറോൻ ഒരു വൈദ്യനായിരുന്നു. എ. ഡി. 1243-ൽ ബാർ എബ്രായ പിതാവിനോടൊപ്പം അന്ത്യോഖ്യായിലേക്ക് കുടിയേറിപാർത്തു. ആഭ്യന്തര കലഹമാണ് മെലിറ്റിനിൽനിന്ന് അന്ത്യോഖ്യായിലേക്കു മാറി താമസിക്കുന്നതിന് കാരണമായത്.

കുലീനമായ ക്രിസ്തീയ കുടുംബത്തിൽ ജനിച്ച ബാർ എബ്രായ പിതാവിൽനിന്ന് വൈദ്യം പഠിച്ചു. 18 വയസ്സുള്ളപ്പോൾ (1244-ൽ) ബാർ എബ്രായ സന്യാസം സ്വീകരിച്ചു. പ. പാത്രിയർക്കീസ് ഇഗ്നാത്തിയോസ് മൂന്നാമൻ ബാർ എബ്രായയെ ഏറെ സ്നേഹിക്കുകയും പുരോഹിതനായി പട്ടം കൊടുക്കുകയും ചെയ്തു. 1246 സെപ്തംബർ 4-ന് 20 വയസ്സുള്ളപ്പോൾ ഗ്രീഗോറിയോസ് എന്ന പേരിൽ ഗുബാസിന്റെ മെത്രാപ്പോലീത്തയായി വാഴിച്ചു. പിന്നീട് ലക്ബിൻ, ആലപ്പൊ എന്നീ ഭദ്രാസനങ്ങളിലേക്ക് പ. പാത്രിയർക്കീസ് ബാവാ നിയമിക്കുകയും ചെയ്തു. 38 വയസ്സുള്ളപ്പോൾ ജനുവരി 19, 1264-ൽ കിഴക്കിന്റെ മഫ്രിയാനയായി വാഴിച്ചു. ഇദ്ദേഹം സഭാശ്രേണിയിൽ പ. പാത്രിയർക്കീസിനു തൊട്ടുതാഴെ രണ്ടാംസ്ഥാനം അലങ്കരിക്കുന്ന മഫ്രിയാനയായി തെഗ്രീസ് ആസ്ഥാനമാക്കി ഭരണം നടത്തി.

മഫ്രിയാനയായ ബാർ എബ്രായ 22 വർഷങ്ങൾ നിനുവ, ബാഗ്ദാദ്, മൂസൽ എന്നിവിടങ്ങളിൽ യാത്രചെയ്ത് സഭാ ശുശ്രൂഷകൾ നിർവ്വഹിച്ചു. നിർമ്മല ജീവിതം നയിക്കുന്നവരെ തെരഞ്ഞെടുത്ത് സന്യാസികളാക്കുകയും അവരിൽനിന്ന് 12 മെത്രാപ്പോലീത്തന്മാരെ വാഴിക്കുകയും ചെയ്തു. പള്ളികൾ, ആശ്രമങ്ങൾ, മെത്രാസന മന്ദിരങ്ങൾ എന്നിവ പണി കഴിപ്പിച്ചു. സന്ദർശിച്ച സ്ഥലങ്ങളിലെല്ലാം വിദ്യാസമ്പന്നരായ പ്രഗത്ഭരുമായി ചർച്ചയിലേർപ്പെടുകയും അതുവഴിയായി ഇദ്ദേഹത്തിന്റെ അഗാധമായ പാണ്ഡിത്യം ശ്രദ്ധാകേന്ദ്രമാകുകയും ചെയ്തു. ഇദ്ദേഹത്തിന്റെ രാഷ്ട്രീയമായ നയം കൊണ്ട് മുസ്ലീം ക്രിസ്ത്യൻ സമൂഹങ്ങൾക്കിടയിൽ സാംസ്കാരിക മൈത്രി സാധ്യമായി.

മറ്റു പിതാക്കന്മാരിൽനിന്നു വ്യത്യസ്തമായി ഇദ്ദേഹത്തിന്റെ പ്രശസ്തമായ ചിത്രം ഗ്രന്ഥരചന നിർവ്വഹിക്കുന്നതിന്റേതാണ്. ഇതിൽനിന്നു തന്നെ അദ്ദേഹത്തിന്റെ പാണ്ഡിത്യത്തിന്റെ ആഴം നമുക്ക് മനസ്സിലാക്കാം. ഇതിനാൽ തന്നെ സമകാലീനർക്കിടയിൽ അദ്ദേഹം ഏറ്റവും ആദരണീയനാണ്.

ബാർ എബ്രായ വിവിധ വിഷയങ്ങളിൽ പണ്ഡിതനായിരുന്നു. വൈദ്യശാസ്ത്രം, ജ്യോതിശാസ്ത്രം, തത്വശാസ്ത്രം, നിയമം, സുറിയാനി, വ്യാകരണം, ചരിത്രം എന്നീ വിഷയങ്ങളിൽ ഗ്രന്ഥങ്ങൾ എഴുതിയിട്ടുണ്ട്. ഇദ്ദേഹത്തിന്റെ സഭാചരിത്ര ഗ്രന്ഥം, മതേതര ചരിത്രം, ലോകചരിത്രം എന്നിവയെല്ലാം ഏറെ വിലമതിക്കപ്പെടുന്നവയാണ്. മഹാനയ പരിശുദ്ധ മീഖായേൽ റാബോയുടെ (പ. അന്ത്യോഖ്യാ പാത്രിയർക്കീസ്, എ. ഡി. 1126-1199) സൃഷ്ടി മുതൽ അദ്ദേഹം ജീവിച്ചിരുന്ന കാലഘട്ടം (1193) വരെയുള്ള ചരിത്രത്തെ അടിസ്ഥാനമാക്കിയാണ് ഈ ചരിത്രം രചിച്ചിട്ടുള്ളത്.

സഭാചരിത്ര ഗ്രന്ഥങ്ങളിൽ പരി. പത്രോസ് ശ്ലീഹാ മുതൽ എ. ഡി. 1285 വരെയുള്ള സുറിയാനി സഭയുടെ പാത്രിയർക്കീസന്മാരെ സംബന്ധിച്ചു പ്രതിപാദിച്ചിരിക്കുന്നു. രണ്ടാമത്തെ ഗ്രന്ഥത്തിൽ പരി. തോമാശ്ലീഹാ മുതലുള്ള മഫ്രിയാനന്മാരുടെ ചരിത്രം രേഖപ്പെടുത്തിയിട്ടുണ്ട്. ബാബോയ് കാതോലിക്ക(എ. ഡി. 457-484)വരെയുള്ളവരെ മാത്രമെ സുറിയാനി ഓർത്തഡോക്സ് സഭ അംഗീകരിക്കുന്നുള്ളൂവെങ്കിലും ബാർ എബ്രായ അതിനുശേഷമുള്ള നെസ്തോറിയൻ കാതോലിക്കന്മാരുടെ ചരിത്രവും ഉൾപ്പെടുത്തിയിട്ടുണ്ട്.

ബാർ എബ്രായ സുറിയാനിയിലെഴുതിയ ലോകചരിത്രം മുസ്ലീം സഹോദരങ്ങളുടെ താൽപര്യപ്രകാരം അറബിയിലും എഴുതുകയുണ്ടായി. 17-ാം നൂറ്റാണ്ടിൽ യൂറോപ്പിൽ പ്രചാരം നേടിയത് ഈ അറബി ഭാഷയിലെ ചരിത്രപുസ്തകമായിരുന്നു.

ചരിത്രകാരനെന്ന നിലയിൽ മാത്രമല്ല മറ്റു ദൈവശാസ്ത്ര വിഷയങ്ങളിലും ധാരാളം ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. വെളിപാടൊഴികെയുള്ള പഴയ-പുതിയ നിയമപുസ്തകങ്ങൾക്ക് വ്യാഖ്യാനം എഴുതിയിട്ടുണ്ട്. ഈ വ്യാഖ്യാനങ്ങളിലെല്ലാം ആദിമസഭാ പിതാക്കന്മാർ തുടങ്ങി മോർ മീഖായേൽ റാബോ വരെയുള്ളവരുടെ എഴുത്തുകളിൽനിന്ന് ഉദ്ധരിച്ചിട്ടുണ്ട്. ഇവയിൽ സന്യാസ ജീവിതത്തെ സംബന്ധിക്കുന്ന പ്രാവ്, പ്രകാശങ്ങളുടെ പുസ്തകം, കാനോൻ എന്നിവ ഉൾപ്പെടുന്നു.

ബാർ എബ്രായയുടെ രചനകളിൽ ഭൂരിഭാഗവും സുറിയാനിയിലും അറബിയിലുമാണ്. ഇവയിൽ സന്യാസ ജീവിതത്തെ സംബന്ധിക്കുന്ന പ്രാവ്, കാനോൻ നിയമങ്ങളുടെ 10 അദ്ധ്യായങ്ങൾ എന്നിവ മലയാളത്തിൽ ലഭ്യമാണ്. ഈ രണ്ടു പുസ്തകങ്ങളും പുണ്യശ്ലോകനായ മോർ യൂലിയോസ് യാക്കോബ് തിരുമേനിയുടെയും അഭിവന്ദ്യ മോർ യൂലിയോസ് കുറിയോക്കോസ് തിരുമേനിയുടെയും പരിശ്രമത്താലാണ് മലയാളത്തിൽ പ്രസിദ്ധീകരിക്കാൻ സാധിച്ചത്.

ഗ്രന്ഥരചനയിലും, വായനയിലും മുഴുകിയ ബാർ എബ്രായ 1286 ജൂലൈ 30-ന് 60-ാം വയസ്സിൽ മറാഗയിൽ കാലം ചെയ്ത് മുസലിലെ മോർ മത്തായിയുടെ ദയറായിൽ കബറടക്കി. ഇദ്ദേഹത്തിന്റെ കബറിടം ഒരു തീർത്ഥാടന കേന്ദ്രമാണ്. ഇറാഖിലെ അമേരിക്കൻ അധിനിവേശത്തിനുശേഷം മൂസൽ, ബാഗ്ദാദ്, തിഗ്രീസ് തുടങ്ങിയ സുറിയാനിക്കാരുടെ കേന്ദ്രങ്ങളിൽ മുസ്ലീം ആക്രമണങ്ങൾമൂലം സഭാംഗങ്ങൾ ഏറെ പീഡ സഹിക്കുകയാണ്. വൈദീകർ പോലും കൊല്ലപ്പെടുന്ന സാഹചര്യമാണ് അവിടുള്ളത് നമുക്ക് നമ്മുടെ സഹോദരങ്ങളായ ഇറാഖിലെ സഭാംഗങ്ങൾക്കായും ആ രാജ്യത്തിന്റെ ഐക്യത്തിനും സമാധാനത്തിനായും പ്രാർത്ഥിക്കാം.

## ജൂലൈ മാസത്തിൽ ഓർമിക്കാൻ

| തീയതി | വിശേഷം |
|---|---|
| 1 | അന്ത്യോഖ്യായുടെ മാർ സർഗിയ മെത്രാൻ. |
| 3 | ഇന്ത്യയുടെ സുവിശേഷകനായ മാർത്തോമ്മാ ശ്ലീഹായുടെ ഓർമ്മ (എ. ഡി. 394-ൽ തിരുശേഷിപ്പ് ഉറഹായിലേക്ക് കൊണ്ടുപോയി.) സെന്റ് തോമസ് ദിനം, ചെമ്പ്, പറവൂർ, മാർ തോമൻ പള്ളി, കരിങ്ങാച്ചിറ. |
| 5 | 72 അറിയിപ്പുകാരുടെ ഓർമ്മ |
| 7 | ഉറഹായിലെ മാർ ഗബ്രിയേൽ |
| 8 | സഖറിയാ പ്രവാചകൻ |
| 9 | റോമിലെ മാർ യൂലോസ് ചക്രവർത്തി |
| 10 | യൂഹാനോൻ മോർ ഗ്രീഗോറിയോസ് ബാവായുടെയും കാട്ടുമങ്ങാട്ട് വലിയ ബാവായുടെയും ഓർമ്മ പെരുന്നാൾ (മുളന്തുരുത്തി). |
| 12 | പുലിക്കോട്ടിൽ ജോസഫ് മോർ ദീവന്നാസിയോസ് (1908). |
| 15 | മാർ കുറിയോക്കോസ് സഹദായുടെയും അദ്ദേഹത്തിന്റെ മാതാവും രക്തസാക്ഷിയുമായ മാർത്ത യൂലിത്തിയുടെയും, നിഖ്യായിലെ മാർ അബഹായിയുടെയും ഓർമ്മ. |
| 19 | എല്ലാ പ്രവാചകന്മാരുടെയും ഓർമ്മ. |
| 20 | മാർ ഏലിയാ നിബിയുടെ ഓർമ്മ. |
| 22 | മറിയം മഗ്ദലിത്തായുടെ ഓർമ്മ (കുറിച്ചി). |
| | മാർത്തോമ്മാ ശ്ലീഹായുടെ അസ്ഥി സംസ്കാരം. അന്ത്യോഖായുടെ മാർ ദീവന്നാസിയോസ്. |
| 23 | അസ്കിയേൽ പ്രവാചകൻ ഭടനായ മോർ തെയോഫിലോസ്. |
| 26 | ശ്രേഷ്ഠ കാതോലിക്കാബാവ തോമസ് പ്രഥമൻ സ്ഥാനാരോഹണ ദിനം. |
| 27 | മാർ ശെമവൂൻ ദെസ്തൂനോയുടെ ഓർമ്മ. |
| 28 | അന്ത്യോഖായുടെ മോർ നൂഹ് പാത്രിയർക്കീസ് |
| 29 | സ്റൂഗിലെ മോർ യാക്കോബ് (എ.ഡി. 521) |
| | തോമസ് മോർ ഒസ്താത്തിയോസ് (ക്യംതാ സെമിനാരി, കൊച്ചി 2000). |
| 31 | മോർ ബാർ എബ്രായയുടെ ഓർമ്മ. |

## അഖില മലങ്കര കലോൽസവം കോട്ടയം ഭദ്രാസനത്തിന് ഒന്നാം സ്ഥാനം

യാക്കോബായ യൂത്ത് അസോസിയേഷന്റെ ആഭിമുഖ്യത്തിൽ അഖില മലങ്കര അടിസ്ഥാനത്തിൽ നടത്തിയ കലോൽസവത്തിൽ ഏറ്റവും അധികം പോയിന്റ് നേടി കോട്ടയം ഭദ്രാസനം ഒന്നാം സ്ഥാനം നേടി. യൂത്ത് അസോസിയേഷൻ പ്രസിഡന്റ് അഭി. മാത്യൂസ് മോർ ഈവാനിയോസ് തിരുമേനി കലോൽസവംഉദ്ഘാടനം ചെയ്തു.

## ആഗസ്റ്റ്മാസ സായാഹ്നധ്യാനം

12, 13, 14 തീയതികളിൽ ഇടവകയിലെ എല്ലാ ഭക്തസംഘടനകളുടെയും പ്രാർത്ഥനായോഗങ്ങളുടെയും സംയുക്താഭിമുഖ്യത്തിൽ വി. ദൈവമാതാവിന്റെ സ്വർഗ്ഗാരോഹണ പെരുന്നാളിനോട് അനുബന്ധിച്ച് നടത്തപ്പെടുന്നു.

## അർദ്ധവാർഷിക പരിക്ഷ

മണർകാട്: വി. മർത്തമറിയാം കത്തീഡ്രലിന്റെ കീഴിൽ പ്രവർത്തിക്കുന്ന 16 സണ്ടേസ്കൂളുകളിലും അർദ്ധവാർഷിക പരീക്ഷ ജൂലൈ 20-ന് നടത്തപ്പെട്ടു.

# മോർ ശെമവൂൻ ദെസ്തുനോ

കർത്താവിന്റെ മുന്തിരിത്തോട്ടത്തിലെ വിശ്വസ്തനായ വേലക്കാരനും അനേകരെ ദൈവത്തിങ്കലേക്കു തിരിച്ചവനും വ്രതനിഷ്ഠയുള്ളവനും പുണ്യവാനുമായ മോർ ശെമവൂൻ ദെസ്തൂനോ 4-ാം നൂറ്റാണ്ടിന്റെ പൂർവാർദ്ധത്തിൽ നിക്കോപ്പോലീസിലെ സീസാ എന്നപട്ടണത്തിൽ ജനിച്ചു. മോർ ശെമവൂൻ ബാല്യത്തിൽ ആടുകളെ മെയിച്ചുതന്റെ മാതാപിതാക്കളെ സഹായിച്ചിരുന്നു. ബാല്യത്തിൽ പഠിക്കുന്നതിനോ വായിക്കുന്നതിനോ അദ്ദേഹത്തിനു കഴിഞ്ഞിരുന്നില്ല. എങ്കിലും ദേവാലയത്തിൽ പോകുന്നതിനും ദൈവവചനം കേൾക്കുന്നതിനും അതീവ താല്പര്യമുള്ളവനായിരുന്നു.

കുറേ നാളുകൾക്കുശേഷം ശെമവൂന് ഒരു ദർശനം ലഭിക്കുകയുണ്ടായി. "അഗ്നി കതിരുകൾപോലെ ജ്വലിക്കുന്ന മുഖത്തോടുകൂടിയ ഒരു പുരുഷനെ കണ്ടു പരിഭ്രമിച്ചപ്പോൾ നീ ഭയപ്പെടേണ്ട, എന്റെ പിന്നാലെ വരിക പലതും നിനക്കു കാണിച്ചു തരുവാനുണ്ട്, എന്നുപറയുകയുണ്ടായി. നീ മുഖാന്തരമായി തന്റെ തിരുനാമം മഹത്വപ്പെടുത്തുവാൻ ദൈവം ആഗ്രഹിക്കുന്നു. നീ വിജയം പ്രാപിച്ച് ഉത്തമ ഫലം പുറപ്പെടുവിക്കുന്നതായാൽ നിന്റെ നാമം ശ്രേഷ്ഠതപ്പെടും. ഇങ്ങനെ പറഞ്ഞ് ആ ദിവ്യ മനുഷ്യൻ അവനെ ദേവാലയത്തിലേക്ക് നയിക്കുകയും തന്റെ കൈയ്യിലെ വടി അവനെ ഏല്പിക്കുകയും ചെയ്തു. ഈ വടി മശിഹായുടെ ആടുകളെ മേയിപ്പാൻ ഞാൻ നിനക്കു തരുന്നു. നീ ശക്തിപ്പെട്ടു ബലം പ്രാപിക്കുക എന്നു പറഞ്ഞിട്ടു ആ ദിവ്യപുരുഷൻ അപ്രത്യക്ഷനായി." ഇതുമുതൽ ശെമവൂന്റെ ജീവിതം അത്ഭുതം നിറഞ്ഞതായിരുന്നു.

ശെമവൂന്റെ ദിവ്യശക്തിയാൽ അസീറിയാക്കാരായ കൊള്ളക്കാരിൽനിന്നും തന്റെ പട്ടണവാസികളെ മോചിപ്പിച്ചു. വെള്ളമില്ലാത്ത സ്ഥലത്തു ശെമവൂൻ പ്രാർത്ഥിച്ചപ്പോൾ കർത്താവ് നീരുറവ ഒഴുക്കിക്കൊടുത്തു. ശെമവൂൻ നോമ്പിലും പ്രാർത്ഥനയിലും തന്റെ സമയം ചിലവഴിച്ചു. വളരെ ദിവസം പ്രാർത്ഥനയിലും ഉപവാസത്തിലും ദേവാലയത്തിൽ കഴിച്ചുകൂട്ടി. അഗതികളെയും ദരിദ്രന്മാരെയും പരിപോഷിപ്പിച്ചിരുന്നു. കഠിന തപസ്സും ശാരീരിക പീഡയും സ്വയം ഏല്ക്കുകയും തന്നത്താൻ നാഥനുവേണ്ടി ശരീരത്തെ ശോഷിപ്പിക്കുകയും ചെയ്തിരുന്നു. ഒരിക്കൽ ദയറായിൽ പാർത്ത സമയത്തു മറ്റു ദയറക്കാരിൽനിന്നു മക്സ് തോട്ടത്തിലെ ഒരു കോണിൽ നെഞ്ചോളം താഴ്ചയുള്ള ഒരുകുഴിയിൽ ഇറങ്ങിനിന്ന് അതിശൈത്യവും ഉഗ്രതാപവുംമേറ്റ് രണ്ടു മാസം അദ്ദേഹം കഴിയുകയുണ്ടായി. സഹോദര ദയറാക്കാർ അദ്ദേഹത്തിന്റെ കഠിന നിഷ്ഠകൾ അനുകരിക്കുവാൻ ശ്രമിച്ചെങ്കിലും കഴിയാത്തതിനാൽ വ്യാജാരോപണങ്ങൾകൊണ്ട് അദ്ദേഹത്തിനെതിരായി പ്രവർത്തിച്ചു. ഒരിക്കൽ ചുട്ടുപഴുത്ത ഒരു ചട്ടുകം അദ്ദേഹത്തിന്റെ അടുക്കൽകൊണ്ടുവന്നു ദൈവവിശ്വാസമുണ്ടെങ്കിൽ ഇതെടുക്കുക എന്നു പറഞ്ഞു. കുരിശു വരച്ചുകൊണ്ട് മോർ ശെമവൂൻ അത് എടുത്തെങ്കിലും പൊള്ളലേറ്റില്ല. പിന്നീടദ്ദേഹം ദയറാധിപന്റെ നിർദ്ദേശപ്രകാരം അവിടെനിന്നു പോവുകയും മാറീസിന്റെ ദയറായിലെത്തുകയും ചെയ്തു. അവിടെ ഒരു വൃദ്ധനും ഒരു പൈതലും മാത്രമേ ഉണ്ടായിരുന്നുള്ളൂ. സന്തോഷത്തോടെ പ്രാർത്ഥനയിൽ അവിടെ കഴിഞ്ഞുകൂടി. തെൽനെശീൻ ഗ്രാമത്തലവന്മാരിൽ ഒരുവനായ മോറേനെസ് എന്നു പേരുള്ള വിശ്വാസിയായ ഒരുവൻ ഒരു പാത്രത്തിൽ എണ്ണ അനുഗ്രഹിക്കുന്നതിനായി വിശുദ്ധന്റെ അടുക്കൽ കൊണ്ടുവന്നു. കർത്താവിതിനെ അനുഗ്രഹിക്കട്ടെ എന്നു പറഞ്ഞപ്പോൾ എണ്ണ തിളയ്ക്കുകയും പാത്രം കവിഞ്ഞൊഴുകയും ചെയ്തു. ഇത് വിശുദ്ധന്റെ കീർത്തി എല്ലാദിക്കിലേക്കും പരക്കുന്നതിനിടയായിത്തീർന്നു. സാത്താൻ അദ്ദേഹത്തെ പലപ്രാവശ്യം പരീക്ഷിച്ചു പരാജയപ്പെട്ടു. ബ് യാത് ലോഹോ എന്ന ഗ്രാമത്തിലെ തളർവാതരോഗിയായ ഒരു പെൺകുട്ടിയെ ശെമവൂൻ തന്റെ പ്രാർത്ഥനയാൽ സുഖപ്പെടുത്തി. ദുരാത്മാക്കൾ ബാധിച്ചവർ, രോഗികൾ മുതലായവർ ശെമവൂന്റെ പ്രാർത്ഥനയാൽ സൗഖ്യം പ്രാപിക്കുകയും ദൈവതിരുനാമത്തെ മഹത്വപ്പെടുത്തുകയും ചെയ്തു.

പരിശുദ്ധനെക്കുറിച്ചുള്ള കീർത്തി സകലസ്ഥലങ്ങളിലേക്കും വ്യാപിച്ചതിന്റെ ഫലമായി രാജാക്കന്മാർ പോലും ദൂതന്മാർ വഴി തങ്ങൾക്ക് അനുഗ്രഹം ലഭിക്കുന്നതിനുവേണ്ടി പ്രാർത്ഥിക്കുവാൻ അദ്ദേഹത്തെ സമീപിച്ചു. അവർ വിശുദ്ധന്റെ ഉപദേശം കൈക്കൊണ്ടു. അനേകമാളുകൾ പരിശുദ്ധൻ മുഖാന്തരം ദൈവത്തെ അറിഞ്ഞു. അനേകം അവിശ്വാസികൾ വിശുദ്ധന്റെ മാർഗം സ്വീകരിച്ചു ക്രൈസ്തവരായിത്തീർന്നു. അനേകർ തങ്ങൾ വസിച്ചിരുന്ന ദേശത്തെയും പട്ടണങ്ങളെയും ഉപേക്ഷിച്ചു തങ്ങളുടെ ആത്മാക്കളെ ദൈവത്തിനായി സമർപ്പിക്കുകയും ദയറാവാസികളായിത്തീരുകയും ചെയ്തു. തന്റെ താമസസ്ഥലത്ത് മതിൽക്കെട്ടിനുള്ളിൽ ഒരു കല്ലിന്മേൽ ഒരു വർഷം നിന്ന് അദ്ദേഹം പ്രാർത്ഥിച്ചു. നാല്പതുനോമ്പു വരുമ്പോൾ സ്വയം മതിലിൽ ബന്ധിച്ചിരുന്നു, പെസഹാവരെ ആഹാരം വെടിഞ്ഞ് അവിടെ പാർത്തിരുന്നു. ഈ കാലത്തുതന്നെ ദൈവത്തിൽനിന്നകറ്റുന്നതിനും കഠിനമായ വ്രതനിഷ്ഠയിൽനിന്നു വ്യതിചലിപ്പിക്കുന്നതിനും വേണ്ടി സാത്താൻ പരിശ്രമിക്കുകയും സാത്താന്റെ പരീക്ഷകളിൽനിന്നും അദ്ദേഹം വിജയിക്കുകയും ചെയ്തു. കഠിനമായി ക്ലേശിച്ചിരുന്നവർ, തളർവാതരോഗികൾ, രക്തവാർച്ചക്കാർ, അശുദ്ധാത്മാവു ബാധിച്ചവർ തുടങ്ങി അനവധി ആളുകൾ വിശുദ്ധന്റെ പ്രാർത്ഥനയാൽ സൗഖ്യം പ്രാപിച്ചു. മഴയില്ലാതെ ഭൂമി ഉണങ്ങി വരണ്ടപ്പോൾ ജനങ്ങൾ വി. പിതാവിനെ സമീപിച്ചു. അദ്ദേഹം പറഞ്ഞു നിങ്ങൾ മാനസാന്തരപ്പെട്ടു നന്മ ചെയ്തു ദൈവത്തെ പ്രസാദിപ്പിക്കുക. വിശുദ്ധന്റെ കല്പന പ്രകാരം അവർ പ്രവർത്തിച്ചപ്പോൾ അവിടെ മഴയുണ്ടായി.

അളവില്ലാത്ത നോമ്പും രാവും പകലുമുള്ള നില്പും ഇടവിടാതെയുള്ള പ്രാർത്ഥനയും അനവരതരമായ മദ്ധ്യസ്ഥതയും കൊണ്ടു ശാരീരിക വിശുദ്ധിയും ജ്വലിക്കുന്ന ഭക്തിയും ഭൗതിക വൈരാഗ്യവും ഈ വിശുദ്ധൻ പ്രാപിച്ചു. ആശ്വാസത്തിനു പകരം കഷ്ടതയും തൃപ്തിക്കുപകരം വിശപ്പും അദ്ദേഹം തെരഞ്ഞെടുത്തു. തനിക്കു മുൻപും പിൻപുമുള്ളവർ അനുഭവിക്കാതിരുന്ന പീഡകൾ അദ്ദേഹം പിറുപിറുപ്പുകൂടാതെ സഹിച്ചു. നാല്പതുമുഴം നീളമുള്ള തൂണിന്മേൽ മുപ്പതുവർഷം നിന്നു തിരിയുവാൻ സാധിക്കാത്ത വണ്ണം തന്റെ കാലുകൾ ചുറ്റിബന്ധിച്ചു. ഈയ്യോബിനെപ്പോലെ ജഡത്തിൽ കൊല്ലപ്പെടുകയും ആത്മീയമായി ഉദ്ധരിക്കപ്പെടുകയും ചെയ്തു. ബന്ധനത്തിലായ കാലുകൾ പഴുത്തു ദുർഗ്ഗന്ധം വമിക്കയാൽ ശിഷ്യന്മാർ തന്റെ അടുത്തു ചെല്ലുവാൻ കഴിയാതെ വിഷമിച്ചു. എപ്പിസ്കോപ്പന്മാരും പട്ടക്കാരും ജനങ്ങളും തന്റെ വേദനയ്ക്ക് ആശ്വാസം ഉണ്ടാകുന്നതുവരെ ആ സ്തംഭത്തിൽനിന്ന് ഇറങ്ങി ചികിത്സ നടത്തുവാൻ അനുവദിക്കണമെന്നപേക്ഷിച്ചു. എന്നാൽ അദ്ദേഹം അത് അംഗീകരിച്ചില്ല. എന്നാൽ തനിക്കു വേണ്ടി പ്രാർത്ഥിക്കുവാൻ ആവശ്യപ്പെട്ടു. നിങ്ങൾ ദുഃഖിക്കേണ്ട, ഞാൻ ആരാധിക്കുന്ന കർത്താവ് വേഗം എനിക്കു രക്ഷ നൽകുമെന്ന് എനിക്ക് വിശ്വാസം ഉണ്ട് എന്നു കല്പിച്ചു. മുപ്പത്തെട്ടു ദിവസം കഴിഞ്ഞപ്പോൾ പ്രാർത്ഥനയുടെ ഫലമായി രോഗം സുഖപ്പെടുകയും മുറിവുകൾ ഉണങ്ങുകയും ചെയ്തു.

അതിക്രമികളായ ഭരണാധികാ

(ശേഷം പേജ് 7-ൽ)

# ദുഖ്റോനോ



അഭി. മോർ ദിവന്ന്യാസിയോസ് ജോസഫ് (പുലിക്കോട്ടിൽ 2)
ജൂലൈ 12



അഭി. തോമസ് മാർ ഒസ്താത്തിയോസ്
ജൂലൈ 29



മോർ ഗ്രീഗോറിയോസ് ബാർ എബ്രായ
ജൂലൈ 30

## ആദരാഞ്ജലികൾ



**സി. എം. സഖറിയാ ചെമ്മാത്ത്**

**മരണം : 12.07.2006**

*രണ്ടു പതിറ്റാണ്ടിലേറെ സണ്ടേസ്കൂളിന്റെ പ്രധാന അദ്ധ്യാപകനായി സേവനമനുഷ്ഠിച്ച സി. എം. സഖറിയാ സാറിന് പ്രാർത്ഥനാപൂർവ്വമായ ആദരാഞ്ജലികൾ*

Inserted by:
St. Mary's Sunday School, Pathazhakuzhy.

# പഠനോപകരണങ്ങൾ വിതരണം ചെയ്തു



മണർകാട്: വി. മർത്തമറിയം യൂത്ത് അസോസിയേഷന്റെ ആഭിമുഖ്യത്തിൽ മണർകാട് ഗവ. യു. പി. സ്കൂളിലെ വിദ്യാർത്ഥികൾക്ക് കുട, നോട്ട്ബുക്ക്, പേന എന്നിവ വിതരണം ചെയ്തു. പ്രസിഡന്റ് റവ. ഫാ. കുറിയാക്കോസ് കാലായിൽ, സെക്രട്ടറി അലൻ വർഗീസ് വാലയിൽ, ജോയിന്റ് സെക്രട്ടറി റോബിൻ മണിയല, ജിജോ തൊട്ടിയിൽ , ജോഷി മുളന്താനത്ത്, ജിൻജു വാതല്ലൂർ , അജു മുണ്ടാനിക്കൽ തുടങ്ങിയവർ നേതൃത്വം നൽകി. ഹെഡ്മിസ്ട്രസ് പുഷ്പലത യൂത്ത് അസോസിയിയേഷന്റെ ഈ സദ് ഉദ്യമത്തെ നന്ദിയോടെ പ്രകീർത്തിക്കുകയും ചെയ്തു.

# മോർ ഗ്രിഗോറിയോസ് യൂഹാനോൻ



പുരോഹിതനായ ഇസഹാക്കിന്റെയും ശമ്മെയുടെയും പുത്രനായ യൂഹാനോൻ എ. ഡി. 1695 -ൽ ബാക്കുദൈദായിൽ ജനിച്ചു. ഇദ്ദേഹം കോതമംഗലം ചെറിയ പള്ളിയിൽ കബറടങ്ങിയ പരിശുദ്ധനായ മോർ ബസ്സേലിയോസ് യൽദോ മഫ്രിയാനയുടെ കുടുംബക്കാരനാണ്. യൂഹാനോനും സഹോദരൻ സ്ലീബായും ബക്കുദൈദായ്ക്കു സമീപമുള്ള മോർ ബഹനാം ദയറായിൽ ദയറാക്കാരായി.

1747-ൽ 109-ാമത്തെ അന്ത്യോഖ്യാ പാത്രിയർക്കീസായ ഇഗ്നാത്തിയോസ് ഗീവറുഗീസ് തൃതീയൻ(1745-1768) ഇദ്ദേഹത്തെ മോർ ബഹനാം ദയറായുടെയും ഇടവകയുടെയും മെത്രാപ്പോലീത്തയായി വാഴിച്ചു. 1749-ൽ, കണ്ടനാട് വി. മർത്തമറിയം പള്ളിയിൽ കബറടങ്ങിയ മോർ ബസേലിയോസ് ശക്രള്ള മഫ്രിയാനയോടുകൂടി മലങ്കരയിൽ വന്നു. 1764 മുതൽ മലങ്കര സഭാ ഭരണം നിർവ്വഹിച്ചു. മോർ ഗ്രിഗോറിയോസ് യൂഹാനോൻ ബാവായോടുകൂടി വന്ന മൂസൽകാരൻ യൂഹാനോൻ റമ്പാച്ചനെ 1752-ൽ മോർ ശക്രള്ള മഫ്രിയാന മോർ ഈവാനിയോസ് യൂഹാനോൻ എന്നപേരിൽ മെത്രാപ്പോലീത്തയായി നിയമിച്ചിരുന്നു. (1794-ൽ കാലം ചെയ്ത ഈ പിതാവിനെ ചെങ്ങന്നൂർ പള്ളിയിൽ കബറടക്കിയിരിക്കുന്നു) ഈ രണ്ടു ശീമക്കാരായ പിതാക്കന്മാരായിരുന്നു 18-ാം നൂറ്റാണ്ടിന്റെ രണ്ടാം പകുതിയിൽ മലങ്കര സഭാ ഭരണം നടത്തിയിരുന്നത്.

1770 മെയ് 29-ാം തീയതി തോമാ ആറാമനെ മോർ ദിവന്നാസിയോസ് എന്ന പേരിൽ മോർ ഗ്രിഗോറിയോസ് യൂഹാനോനും, മോർ ഇവാനിയോസ് യുഹാനോനും കൂടി പട്ടം കൊടുത്തു. മോർ തോമാ അഞ്ചാമൻ പട്ടമേറ്റശേഷം കൊടുക്കുവാനായി പ. ഗീവർഗീസ് തൃതിയൻ പാത്രിയർക്കീസ് ബാവാ, മോർ ശക്രള്ളാ മഫ്രിയാന വശം കൊടുത്തയച്ചിരുന്ന അംശവടിയും, സ്ലീബായും, സ്ഥാത്തിക്കോനും നൽകുകയും ചെയ്തു.

പട്ടമേറ്റശേഷം തോമാ മോർ ദീവന്നാസ്യോസ് മോർ ഗ്രിഗോറിയോസിനും മോർ ഈവാനിയോസിനും ഉടമ്പടി കൊടുത്തു. അതിൻ പ്രകാരം പറഞ്ഞിരിക്കുന്നു. പിതാക്കന്മാരിൽവച്ചു ബലഹീനനും ദരിദ്രനുമായ ഞാൻ എന്റെ സ്വന്ത ഇഷ്ടപ്രകാരം ഈ ഉടമ്പടി ഊർശ്ലേമിന്റെ മെത്രാപ്പോലീത്തയായ അഭിവന്ദ്യനായ മോർ ഗ്രിഗോറിയോസിന്റെയും ഈവാനിയോസ് എപ്പിസ്കോപ്പായുടെയും പേർക്ക് എഴുതുന്നതാകുന്നു. സുറിയാനിക്കാരുടെ ആചാരമര്യാദപ്രകാരം കുർബാന അർപ്പിച്ചുകൊള്ളാമെന്ന് ഞാൻ വാഗ്ദാനം ചെയ്യുന്നു. ദൈനംദിന

(ശേഷം പേജ് 5-ൽ)

# ആഗോള കത്തോലിക്കാ യുവജനസമ്മേളനം സമാപിച്ചു

യുവജനങ്ങളുടെ പ്രസരിപ്പ് സഭയിൽ പുനരുന്മേഷം പകരുകയും ഭൗതികസമ്പത്ത് വർധിക്കുന്നതോടൊപ്പം ആത്മീയദാരിദ്ര്യം കുമിഞ്ഞുകൂടിക്കൊണ്ടിരിക്കുന്ന ലോകത്തിനു ക്രിസ്തുവിന്റെ സ്നേഹം പകർന്നുകൊടുക്കുവാൻ യുവാക്കൾ മുന്നോട്ടു വരണമെന്ന് മാർപാപ്പ ഉത്ബോധിപ്പിച്ചു.

ആധുനിക ലോകത്തു വ്യാപകമാകുന്ന ആത്മീയ വരൾച്ചയ്ക്കെതിരെ പോരാടൻ ബനഡിക്ട് പതിനാറാമൻ മാർപാപ്പ ആഗോള കത്തോലിക്കാ യുവജനസമ്മേളന സമാപനത്തിൽ എല്ലാ യുവാക്കളെയും ആഹ്വാനം ചെയ്തു.

പ്രാർത്ഥനകളും സംഗീതവുമായി ഒരാഴ്ച നീണ്ടുനിന്ന പരിപാടിയുടെ സമാപനം കുറിച്ച് സിഡ്നി നഗരത്തിലെ തുറന്ന വേദിയിൽ മാർപാപ്പ അർപ്പിച്ച സമൂഹദിവ്യബലിയിൽ നാലുലക്ഷത്തോളം യുവജനങ്ങൾ പങ്കുകൊണ്ടു.

അടുത്ത യുവജനസമ്മേളനം 2011-ൽ സ്പെയിനിലെ മാഡ്രിഡിൽ വിപുലമായി ആചരിക്കുവാനും തീരുമാനിച്ചു.

# ജന്മദിനാശംസകൾ



**അഭി. യൂലിയോസ് മോർ കുറിയാക്കോസ്**
ജൂലൈ 6



**അഭി. ഏബ്രഹാം മോർ സേവേറിയോസ്**
ജൂലൈ 12



**അഭി. തീത്തോസ് മോർ യൽദോ**
ജൂലൈ 22

## പൂർണ്ണശെമ്മാശപട്ടം നൽകി

യൂത്ത് അസോസിയേഷൻ കോട്ടയം ഭദ്രാസന കോ-ഓഡിനേറ്ററും മണർകാട് യൂണിറ്റ് സജീവ അംഗവുമായ വടവാതൂർ എടാട്ട് റവ. ഡീക്കൻ ബിജി കുരുവിളക്ക് ജൂലൈ 19-ന് സെന്റ് ജോസഫ്സ് കത്തീഡ്രലിൽവച്ച് കോട്ടയം ഭദ്രാസന മെത്രാപ്പോലീത്ത അഭിവന്ദ്യ തോമസ് മോർ തീമോത്തിയോസ് മെത്രാപ്പോലീത്ത പൂർണ്ണശെമ്മാശൻപട്ടം നൽകി. ബഹു. ശെമ്മാശൻ അഭിവന്ദ്യ തിരുമേനിയുടെ സെക്രട്ടറിയായി സേവനമനുഷ്ഠിച്ചു വരികയാണ്. വടവാതൂർ സണ്ടേസ്കൂൾ അദ്ധ്യാപകനാണ്. കോലോസുറിയോയോയുടെയും യൂത്ത് അസോസിയേഷന്റെയും അനുമോദനങ്ങൾ

## മോർ ഗ്രിഗോറിയോസ് യൂഹാനോൻ

*(പേജ് 4-ൽ നിന്നും തുടർച്ച)*

ചെലവുകൾക്കായി ഈവാനിയോസ് എപ്പിസ്കോപ്പായ്ക്കും കൂടെയുള്ളവർക്കുംകൂടി പ്രതിദിനം ഒരു വെള്ളിപ്പണം വീതം ഞാൻ കൊടുക്കുന്നതാണ്. (1770-ാം മാണ്ടു ചിങ്ങമാസത്തിലെ തിരുവോണ ദിവസം നിരണം മർത്തമറിയം പള്ളിയിൽവച്ച് എഴുതപ്പെട്ടു.). അദ്ദേഹം തന്റെ അച്ചന്മാർക്കും ശെമ്മാശന്മാർക്കും പട്ടം കൊടുക്കുകയും ചെയ്തു. ജനങ്ങൾക്ക് ഈ സമാധാനത്തിൽ വലിയ സന്തോഷമുണ്ടായി. അന്നുമുതൽ സഭാകാര്യങ്ങൾ മോർ ഗ്രിഗോറിയോസും മോർ ഈവാനിയോസും മോർ ദീവന്നാസ്യോസിനോടൊരുമിച്ചു സഹകരിച്ചു ശുഷ്കാന്തിയോടെ നടത്തിപ്പോന്നു.

1772 മുതൽ മോർ ഗ്രിഗോറിയോസ് ബാവായുടെ കണ്ണിന്റെ കാഴ്ചശക്തി കുറയുവാനിടയായി. വൈദ്യം അറിയാമായിരുന്ന കാട്ടുമങ്ങാട്ടെ വന്ദ്യ ഏബ്രഹാം റമ്പാച്ചൻ അദ്ദേഹത്തെ ചികിത്സിക്കുകയുണ്ടായി. 1773 ജൂലൈ 10-ാം തീയതി (947 മിഥുനം 27) മോർ ഗ്രീഗോറിയോസ് യൂഹാനോൻ ബാവ കാലം ചെയ്തു. മുളന്തുരുത്തി മാർത്തോമൻ പള്ളി മദ്ബഹായുടെ വടക്കു ഭാഗത്ത് കബറടക്കപ്പെട്ടു.

## രചനകൾ/പരസ്യങ്ങൾ ക്ഷണിച്ചുകൊള്ളുന്നു

കുഞ്ഞുനാളങ്ങൾ എന്ന ബാലപംക്തിയിലേയ്ക്ക് ചെറുകഥ, കവിത, ചിത്രങ്ങൾ എന്നിവ ക്ഷണിച്ചുകൊള്ളുന്നു. ഇടവകയുമായി ബന്ധപ്പെട്ട ചരമം, വിവാഹം, പ്രാർത്ഥനായോഗങ്ങൾ, സണ്ടേസ്കൂൾ, ഭക്തസംഘടനകൾ തുടങ്ങിയവയുടെ വാർത്തകളും എത്തിച്ച്തരുവാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കുക.

ഉപകാരസ്മരണ, ജന്മദിനം, വിവാഹം, വിവാഹവാർഷികം, ചരമവാർഷികം, സണ്ടേസ്കൂൾ വാർഷികം, പ്രാർത്ഥനായോഗ വാർഷികം കുടുംബയോഗം തുടങ്ങിയ വിശേഷങ്ങളുടെ പരസ്യങ്ങൾ വളരെ കുറഞ്ഞനിരക്കിൽ പ്രസിദ്ധീകരിക്കാവുന്നതാണ്. യൂത്ത് അസോസിയേഷന്റെ പ്രവർത്തനങ്ങൾക്ക് സംഭാവനകൾ നൽകുവാൻ ആഗ്രഹിക്കുന്നവർ യൂത്ത് അസോസിയേഷൻ സെക്രട്ടറിയുമായി ബന്ധപ്പെടുക. ഫോൺ: സെക്രട്ടറി: 9745009151, എഡിറ്റർ: 9446073942, 9249935038.

# വിവാഹിതരായി



മണർകാട് തലപ്പാടി കരോട്ടേക്കുറ്റ് കെ. വി. കുര്യന്റെയും അന്നമ്മ കുര്യന്റെയും മകൻ സിജോയും ഇടുക്കി പുറ്റടി അപ്പേസിൽ ജേക്കബ് മാമ്മന്റെയും ത്രേസ്യാമ്മാ ജേക്കബിന്റെയും മകൾ ഷാന്റിയും തമ്മിലുള്ള വിവാഹം അഭി. തോമസ് മോർ തീമോത്തിയോസ്, അഭി. ഗീവർഗീസ് മാർ ദീവന്നാസിയോസ് എന്നിവരുടെ കാർമികത്വത്തിൽ മെയ് 12-ാം തീയതി മണർകാട് സെന്റ്മേരീസ് കത്തീഡ്രലിൽവെച്ച് നടത്തി.



വടവാതൂർ എടാട്ട്, ഇ. റ്റി. കുരുവിളയുടെയും ലീലാമ്മ കുരുവിളയുടെയും മകൻ റവ. ഡീക്കൻ വിജി കുരുവിളയും, മണർകാട് കരിമ്പന്നൂർ, സാബു കുരുവിളയുടെയും, മറിയാമ്മ കുരുവിളയുടെയും മകൾ ബ്ലസ്സിയും തമ്മിലുള്ള വിവാഹം മണർകാട് സെന്റ് മേരീസ് കത്തീഡ്രലിൽ വെച്ച് അഭി. തോമസ് മോർ തീമോത്തിയോസ്, അഭി. ഗീവർഗീസ് മോർ അത്താനിയോസ്, അഭി. കുറിയാക്കോസ് മോർ ഈവാനിയോസ് എന്നിവരുടെ കാർമ്മികത്വത്തിൽ നടത്തപ്പെട്ടു.



**പെയിൻ ആന്റ് പാലിയേറ്റീവ് കെയർ പരിശീലനക്കളരിയുടെ ഉദ്ഘാടനം തൂത്തൂട്ടി മാർ ഗ്രിഗോറിയോസ് ചാപ്പലിൽ ശ്രീമതി മറിയാമ്മ ജോർജ്കുട്ടി നിർവ്വഹിക്കുന്നു.**

# പുണ്യശ്ലോകനായ മലങ്കരയുടെ മാർ ദീവന്നാസ്യോസ് V യൗസേഫ് മെത്രാപ്പോലീത്താ

ഇ. എ. ഫിലിപ്പ്, ഇടവഴിക്കൽ

## ജനനം മുതൽ കശീശാ സ്ഥാനം വരെ

പുലിക്കോട്ടിൽ താരു കുര്യന്റേയും കുത്തുരു താണ്ടമ്മയുടെയും പുത്രനായി 1008 വൃശ്ചികം 24 (1832 ഡിസംബർ)-ന് കുന്നംകുളത്ത് സ്മര്യപുരുഷൻ (അജ്ഞാമൻ) ജനിച്ചു. മാമ്മൂദീസാ പേരു യൗസേഫ് എന്നാണ്. പിതൃവ്യൻ യൗസേഫ് കശീശായുടെ ശിക്ഷണത്തിലാണ് സ്മര്യപുരുഷനായ യൗസേഫ് വളർന്നുവന്നത്. നാട്ടുനടപ്പനുസരിച്ചുള്ള വിദ്യാഭ്യാസത്തിനും പുറമേ സുറിയാനിയും ഹിന്ദിയും ഭാഷകൾ നന്നായി അഭ്യസിച്ചിരുന്നു. ഇംഗ്ലീഷ് ഭാഷ പഠിക്കുവാൻ ഇടയായില്ല.

പന്ത്രണ്ടു വയസ്സായപ്പോൾ യൗസേഫിന് ശെമ്മാശുപട്ടം കൊടുപ്പിക്കണമെന്നു പിതൃവ്യൻ യൗസേഫ് കശീശാ ഉദ്ദേശിച്ചപ്പോൾ സമപ്രായത്തിലുള്ള മറ്റൊരാൾക്കു കൊടുക്കണമെന്ന് കുടുംബാംഗങ്ങളിൽ ചിലർ നിർബന്ധിച്ചു. അങ്ങനെ ഇരിക്കവെ ഒരു ഞായറാഴ്ച യൗസേഫ് കശീശാ ടി. രണ്ടു കുട്ടികളെയും കൂട്ടി ആർത്താറ്റു പള്ളിയിൽചെന്നു. രണ്ടുപേരുടെയും പേരുകൾ ഒരു കടലാസിൽ എഴുതി ത്രോണോസിൽ വച്ചുകൊണ്ടു അദ്ദേഹം വി. കുർബ്ബാന അർപ്പിച്ചു. കുർബ്ബാനയ്ക്കുശേഷം നറുക്കെടുത്തുനോക്കിയപ്പോൾ കുറിവീണതു യൗസേഫിനായിരുന്നു. ഇടയനില്ലാതെ നശിച്ചുകൊണ്ടിരുന്ന മലങ്കര സുറിയാനി സഭയെ വീണ്ടെടുത്തു നയിക്കുവാൻ നിയോഗമുള്ളത് യൗസേഫിനാണെന്നു ദൈവം ഈ നറുക്കെടുപ്പിലൂടെ മുൻകൂട്ടി വെളിപ്പെടുത്തുകയായിരുന്നു. അതിൻ പ്രകാരം ചേപ്പാട്ടു മാർ ദീവന്നാസ്യോസ് നാലാമനിൽനിന്നും യൗസേഫ് കോറൂയോ പട്ടം ഏറ്റു. യൗസേഫ് ശെമ്മാശൻ പിന്നീട് 1852 ആഗസ്റ്റ് മാസത്തിൽ മാർ കൂറീലോസ് യുയാക്കിം ബാവായിൽനിന്നും കശീശാ പട്ടം സ്വീകരിച്ചു. തുടർന്ന് ആർത്താറ്റുപള്ളിയുടെ കീഴിലുള്ള പള്ളിയിൽ യൗസേഫ് കത്തനാർ സേവനം അനുഷ്ഠിച്ചുപോന്നത്.

## ദൈവനിയോഗം വീണ്ടും

ബ്രിട്ടീഷ് ആംഗ്ലിക്കൻ മിഷനറിമാർ നടത്തിവന്ന പ്രൊട്ടസ്റ്റന്റ് വൽക്കരണശ്രമംമൂലം വളരെ അധികം തളർന്നുപോയിരുന്ന സുറിയാനിസഭയ്ക്കുള്ളിൽനിന്നു തന്നെ മിഷനറിമാരുടെ പൂർണ്ണ പിന്തുണയോടെ മറ്റൊരു നവീകരണ വേദവിപരീതം ശക്തി പ്രാപിച്ചുകൊണ്ടിരുന്നു. അന്ത്യോഖ്യാ പാത്രിയർക്കീസായിരുന്ന വി. ഏലിയാസ് രണ്ടാമൻ പാത്രിയർക്കീസ് (1838-1847) ബാവായിൽനിന്നും മെത്രാൻപട്ടം ഏറ്റുവന്ന പാലക്കുന്നത്ത് മത്യൂസ് അത്തനാസ്യോസ് ആയിരുന്നു നവീകരണ വിഭാഗതലവൻ. അത്താനാസ്യോസിന്റെ നവീകരണശ്രമങ്ങളെ തടഞ്ഞുനിർത്താൻ മാർ കൂറീലോസ് മതിയാകില്ലെന്നു കണ്ട്, മറ്റൊരു മെത്രാനെക്കൂടെ അയച്ചുതരണമെന്ന് കാണിച്ച് ചില പള്ളിക്കാരും അന്നു സുറിയാനി സഭയിൽ നല്ല സ്വാധീനമുണ്ടായിരുന്ന ഇടവഴിക്കൽ പീലിപ്പോസ് കശീശാ പ്രത്യേകമായും അയച്ചിരുന്ന അപേക്ഷകൾക്ക് വി. യാക്കൂബ് രണ്ടാമൻ പാത്രിയർക്കീസ് (1847-1871) ബാവായുടെ മറുപടി കൽപ്പനകൾ വന്നുചേർന്നു. മലങ്കരയിൽനിന്നും സ്ഥാനത്തിനു അനുയോജ്യനായ ഒരാളെ തിരഞ്ഞെടുത്തയയ്ക്കുന്നതായാൽ അദ്ദേഹത്തെ മെത്രാനായി വാഴിച്ചയയ്ക്കാമെന്ന് സമ്മതിച്ചുകൊണ്ടുള്ളതായിരുന്നു മറുപടി കല്പന. പീലിപ്പോസ് കത്തനാർ മനസ്സിൽ കണ്ടത് പുലിക്കോട്ടിൽ യൗസേഫ് കത്തനാരേയായിരുന്നു. ഉടൻ കോട്ടയത്തുവരണമെന്ന് കാണിച്ച് അദ്ദേഹത്തിന് കത്തയച്ചതിനെതുടർന്ന് കോട്ടയത്തു വന്നു, ഇടവഴിക്കൽ പീലിപ്പോസ് കശീശാ(വല്യച്ചൻ) യെ കണ്ടു. അന്ത്യോഖ്യായിൽ ചെന്നാൽ പട്ടം തരാമെന്നു പരിശുദ്ധ സിംഹാസനത്തിങ്കൽനിന്നു കല്പന വരുത്തിയാൽ അന്നു ഞാൻ പുറപ്പെട്ടുകൊള്ളാം എന്നു യൗസേഫ് കത്തനാരു വാഗ്ദാനം ചെയ്തു.

വി. പാത്രിയർക്കീസ് ബാവായുടെ അനുവാദ കല്പന പീലിപ്പോസ് കശിശായ്ക്കുന്ന വന്നയുടൻ പല പള്ളിക്കാരുടെയും സമ്മതപത്രങ്ങൾ വാങ്ങി, മാർ കൂറീലോസിന്റെ അനുവാദവും വാങ്ങി, പലരോടും യാത്രാനുവാദങ്ങൾ വാങ്ങിക്കൊണ്ടു യൗസേഫ് കത്തനാർ കോട്ടയത്തു വന്നു, യൗസേഫ് കത്തനാരേ മെത്രാൻ പട്ടത്തിനു തിരഞ്ഞെടുത്തതായ രേഖയും, പാത്രിയർക്കീസ് ബാവായ്ക്കുള്ള കത്തും പീലിപ്പോസ് കശീശാ തയ്യാറാക്കിവച്ചിരുന്നത് വാങ്ങി കൊച്ചിയിൽനിന്നും കപ്പൽ മാർഗ്ഗം മർദ്ദീനിലേക്ക് പുറപ്പെടുകയും ചെയ്തു. മട്ടുമ്മേൽ ഗീവർഗീസ് കത്തനാരും ഒരു വാല്യക്കാരനുംകൂടെ പോയിരുന്നു. നിർഭാഗ്യവശാൽ ദുരിതപൂർണ്ണമായ യാത്രയ്ക്കൊടുവിൽ മട്ടുമ്മേൽ കത്തനാർ കഠിനരോഗബാധിതനായി തീരുകയും മർദ്ദീനിൽവച്ച് മരിച്ച് കുർക്കുമാ ദയറായിൽ അടക്കുകയും ചെയ്തു. യൗസേഫ് കത്തനാർക്കും രോഗം ബാധിച്ചിരുന്നെങ്കിലും ചികിത്സകൊണ്ട് രോഗവിമുക്തനായി തീർന്നു. മലങ്കരസഭയ്ക്കു വേണ്ടിയുള്ള ദൈവനിയോഗമാണ് അദ്ദേഹത്തെ രോഗത്തിൽനിന്നും രക്ഷപ്പെടുത്തിയതെന്ന് ഉറപ്പായി വിശ്വസിക്കാം.

## മെത്രാഭിഷേകം

വി. യാക്കൂബ് രണ്ടാമൻ പാത്രിയർക്കീസ് ബാവായ്ക്ക് ആമീദ് (ഡയർബക്കർ) പട്ടണത്തിലേക്കു പോകേണ്ടിവന്നതിനാൽ, അവിടുത്തെ പള്ളിയിൽവച്ചാണ് അദ്ദേഹം പുലിക്കോട്ടിൽ യൗസേഫ് കത്തനാരെ 1865 മെയ് 10-ന് മാർ ദീവന്നാസ്യോസ് യൗസേഫ് എന്ന പേരിൽ മെത്രാപ്പോലീത്തയായി വാഴിച്ചത്. ഈ വാഴ്ചയോടെ തന്റെ രണ്ടാമത്തെ ദൈവനിയോഗവും സഫലമായി തീർന്നു. മാർ ദീവന്നാസ്യോസ് യൗസേഫ് മെത്രാപ്പോലീത്താ 1865 സെപ്റ്റംബർ 6-ന് കൊച്ചിയിൽ മടങ്ങിയെത്തി.

## വി. പത്രോസ് തൃതീയൻ പാത്രിയർക്കീസ് ബാവായുടെ മലങ്കര സന്ദർശനം

മലങ്കര യാക്കോബായ സുറിയാനി സഭയിൽ ഔദ്യോഗികമായി വാഴിച്ച് നിയമിക്കപ്പെട്ടിട്ടുള്ള മെത്രാപ്പോലീത്തയായി സർക്കാരിൽനിന്നും അംഗീകരിച്ചുകിട്ടുന്നതിനുള്ള മാർ ദിവന്നാസ്യോസിന്റെ അശ്രാന്ത പരിശ്രമം പത്തുവർഷങ്ങളോളം നീണ്ടുപോയിട്ടും ഫലപ്രദമാകാതിരുന്നത്, മാത്യൂസ് അത്താനാസ്യോസിനു കൊടുത്തിട്ടുള്ള രാജകീയ വിളംബരം നിലനിൽക്കുന്നതുമൂലമായിരുന്നു. മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ അപേക്ഷപ്രകാരം വി. പത്രോസ് തൃതീയൻ പാത്രിയർക്കീസ് (1872-1894) ബാവാ ലണ്ടനിൽ എത്തി ബ്രിട്ടീഷ് ഭരണാധികാരികളുമായി ചർച്ച നടത്തിയശേഷം തിരുവനന്തപുരത്ത് എത്തി 1875 ജൂലൈ 17-ന് മഹാരാജാവിനെയും ബ്രിട്ടീഷ് റസിഡണ്ടിനെയും മറ്റും കണ്ടു; മദ്രാസ് ഗവർണ്ണറുമായും ചർച്ചകൾ നടത്തിയിരുന്നു. വി. പാത്രിയർക്കീസ് ബാവായുടെ ശ്രമഫലമായി മാത്യൂസ് അത്താനാസ്യോസിനു മുമ്പ് കൊടുത്തിട്ടുള്ള രാജകീയവിളംബരം സർക്കാർ പിൻവലിച്ച് 1876 മാർച്ച് 4-ന് ഉത്തരവായി. ഇരുകക്ഷികളും തമ്മിലുള്ള തർക്കം കോടതി മുഖേന തീർപ്പാക്കുന്നതിനും ഉത്തരവായി. ഇതോടുകൂടി മാർ ദീവന്നാസ്യോസ് തിരുമേനിക്കു തടസ്സമായിരുന്ന ഒരു വലിയ കടമ്പ നീങ്ങിക്കിട്ടി.

വി. പത്രോസ് തൃതീയൻ പാത്രിയർക്കീസ് ബാവാ മുളന്തുരുത്തി പള്ളിയിൽ ഒരു സുന്നഹദോസ് വിളിച്ചുകൂട്ടി മലങ്കര യാക്കോബായ സുറിയാനി അസോസിയേഷനും മാനേജിംഗ് കമ്മിറ്റിയും പുതുതായി ഏർപ്പെടുത്തി. മലങ്കര സഭയെ ഏഴു ഭദ്രാസനങ്ങളായി തിരിച്ച്; ആറുപേരെ മെത്രാന്മാരായി വാഴിച്ച് അതിൽ നിയമിക്കുകയും ചെയ്തു. വി. മൂറോൻ കൂദാശ നടത്തുകയും മറ്റും ചെയ്തശേഷം 1877 മെയ് 21-ന് പട്ടാമ്പിയിൽനിന്നും ട്രെയിൻ മാർഗ്ഗം മടങ്ങി പോകുകയും ചെയ്തു. പാത്രിയർക്കീസ് ബാവായുടെ കൂടെ ബോംബെ വരെ മാർ ദീവന്നാസ്യോസ് യൗസേഫ് മെത്രാപ്പോലീത്താ അനുയാത്ര പോയിരുന്നു.

## ചരിത്രപ്രസിദ്ധമായ സെമിനാരി കേസ്

അന്യാധീനത്തിലായി തീർന്ന സുറിയാനി സമുദായം വക പഴയസെമനാരിയും മറ്റു സ്വത്തുക്കളും വീണ്ടെടുക്കുന്നതിനുള്ള ശ്രമമായിരുന്നു മാർ ദീവന്നാസ്യോസ് തിരുമേനിയുടെ ഏറ്റവും ഭാരമേറിയ ചുമതല. മാത്യൂസ് അത്താനാസ്യോസിന്റെ പിൻഗാമി തോമസ് അത്താനാസ്യോസിനെ പ്രതിയാക്കി ഒരു സിവിൽ അന്യായം മാർ ദീവന്നാസ്യോസ് യൗസേഫ് വാദിയായി ആലപ്പുഴ ജില്ലാക്കോടതിയിൽ 1879 മാർച്ച് 4-ന് ഫയൽ ചെയ്തു. കീഴ്ക്കോടതി ഉൾപ്പെടെയുള്ള എല്ലാ കോടതികളിലും മാർ ദീവന്നാസ്യോസിന് അനുകൂലമായി വിധിച്ചതിനാൽ സെമിനാരിയും സ്വത്തുക്കളും വിധി നടപ്പാക്കി എടുക്കുകയും; മാർ ദീവന്നാസ്യോസ് യൗസേഫ്, മാർ അത്താനാസ്യോസ് ശെമഓൻ ബാവാ (ഇദ്ദേഹം കോട്ടയം പുത്തൻപള്ളിയിൽ കബറടങ്ങിയിരിക്കുന്നു) എന്നീ രണ്ടു തിരുമേനിമാർ കൂടി 1886 ജൂലൈ 15-ന് കോട്ടയം പഴയ സെമിനാരിയിൽ പ്രവേശിച്ച് കൈവശം ഉറപ്പിച്ചു. എതിർകക്ഷികൾ റോയൽക്കോടതിയിൽ കൊടുത്തിരുന്ന അവസാന അപ്പീലും 1889 ആഗസ്റ്റ് 18-ന് തള്ളി വിധി പ്രസ്താവിച്ചതോടെ സിമ്മനാരിക്കേസ് അവസാനിച്ചു. വി. മാർതോമ്മാശ്ലീഹായാൽ എ. ഡി. 52-ൽ മലങ്കരയിൽ സ്ഥാപിതമായ സുറിയാനിസഭയുടെ യഥാർത്ഥ മലങ്കരമെത്രാപ്പോലീത്തയായി പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് യൗസേഫ് തിരുമനസ്സുകൊണ്ട് വാഴ്ച ഉറപ്പിക്കുകയും ചെയ്തു. പിന്നീട് മറ്റു പല പള്ളിക്കേസുകളും തിരുമേനിക്ക് അനുകൂലമായി വിധിച്ചിരുന്നു. എതിർകക്ഷികൾ മറ്റൊരു പുതിയ സഭ (മാർത്തോമ്മാ സഭ)യുണ്ടാക്കി സുറിയാനി സഭയിൽനിന്നും വേർപെട്ടുപോകയും ചെയ്തു.

സെമിനാരിക്കേസിന്റെ അവസാനവിധിയായ റോയൽ അപ്പീൽക്കോടതി വിധി അനുകൂലമായിതീർന്നതിന്റെ സ്മാരകമായി രാജാരവിവർമ്മയാൽ രചിക്കപ്പെട്ട ഒരു എണ്ണഛായാചിത്രം (മാർ ദീവന്നാസ്യോസിനെ അദ്ദേഹത്തിന്റെ സെക്രട്ടറി ഇ. എം. പീലിപ്പോസ് വിധി വായിച്ചു കേൾപ്പിക്കുന്നത്) കോട്ടയം പഴയസെമിനാരി കമ്മറ്റി മാളികയിൽ 1890-ൽ സ്ഥാപിച്ചു.

## മാർ ദീവന്നാസ്യോസും മലങ്കര സുറിയാനി ക്നാനായ സമുദായവും

1910-ൽ സുറിയാനി ക്നാനായ ഭദ്രാസനം രൂപീകരിച്ചതിനുമുമ്പ്, സമുദായത്തിലെ പള്ളികളെല്ലാം മലങ്കരയിലെ അതതു ഭദ്രാസനമെത്രാപ്പോലീത്തന്മാരാൽ ഭരിക്കപ്പെട്ടു പോന്നിരുന്നു. നേരത്തെ 1882-ൽ മലങ്കര യാക്കോബായ സുറിയാനി ക്നാനായ കമ്മറ്റി എന്ന പേരിൽ ഒരു പൊതുസംഘം ഏർപ്പെടുത്തിയപ്പോൾ അതിനെ അംഗീകരിക്കുകയും തന്റെ മരണം വരെ അതിന്റെ രക്ഷാധികാരിയായിരിക്കുകയും ചെയ്തത് പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തയായിരുന്നു. സിമ്മനാരിക്കേസ് ജയിച്ചതിലുള്ള കൃതജ്ഞത പ്രകടിപ്പിക്കുവാൻ വെളിയനാടു മാർ സ്തേപ്പാനോസ് പള്ളിയിൽ വച്ച് ഒരു ഗംഭീരസ്വീകരണം നൽകി. സമുദായം വകയായി ഒരു സ്വർണ്ണസ്ലീബായും മംഗളപത്രവും സമർപ്പിക്കപ്പെട്ടു. മാർ ദീവന്നാസ്യോസ് തിരുമേനിയോട് ക്നാനായ സമുദായത്തിനും ക്നാനായ സമുദായത്തോടു തിരുമേനിക്കുമുള്ള കടപ്പാടും സ്നേഹവും ഒരു കാലത്തും വിസ്മരിക്കാവുന്നതല്ല.

## സുവർണ്ണ ജൂബിലി

മാർ ദിവന്നാസ്യോസ് തിരുമേനി കശീശാപട്ടം ഏറ്റ് അമ്പതു വർഷം തികഞ്ഞതിന്റെ സുവർണ്ണജൂബിലി മലങ്കരസഭ പൊതുവായി ആഘോഷിച്ചത് 1901 നവംബർ 25-ന് ആയിരുന്നു. കോട്ടയം പഴയ സിമ്മനാരിയിൽവച്ച് ആഘോഷമായി നടത്തപ്പെട്ട ചടങ്ങിൽ എല്ലാ മെത്രാന്മാരും 200-ൽ അധികം പട്ടക്കാരും 30000-ഓളം ജനങ്ങളും സംബന്ധിച്ചിരുന്നു. ഈ സമ്മേളനത്തിൽ പരി. പരുമല തിരുമേനിയുടെ പ്രാർത്ഥനയാൽ മഴമാറിപ്പോയി.

## മലങ്കരസഭയ്ക്കുണ്ടായിട്ടുള്ള നേട്ടങ്ങൾ

പുലിക്കോട്ടിൽ തിരുമേനി മെത്രാനായശേഷം മലങ്കര സുറിയാനിസഭയിൽ സത്യവിശ്വാസം ഉറപ്പിക്കുവാനും അന്യാധീനത്തിൽപ്പെട്ടുപോയിരുന്ന പള്ളികളും സ്ഥാപനങ്ങളും വീണ്ടെടുക്കുവാനുമായി തന്റെ ജീവിതത്തിന്റെ ഭൂരിഭാഗവും വ്യവഹാരങ്ങൾക്കും മറ്റുമായി ചിലവിടേണ്ടിവന്നു. ഭീമമായ സംഖ്യയും സമുദായത്തിനു നഷ്ടപ്പെടുത്തേണ്ടതായും വന്നു. ഇതിനെല്ലാം ഇടയിൽ ഒരു സമുദായത്തിന്റെ ആത്മീയവും ഭൗതികവുമായി പുരോഗതിക്കു ആവശ്യമായ കാര്യങ്ങളെക്കുറിച്ച് ആലോചിച്ചു നടത്തുവാൻ ആർക്കായാലും മനസ്സും സമയവും ലഭിക്കുന്നതല്ലല്ലോ. എന്നാൽ തിരുമേനിയാകട്ടെ ഈ തിരക്കിനിടയിൽ പോലും ഹൈസ്കൂളുകളും, മിഡിൽസ്കൂളുകളും, വൈദീക സെമിനാരിയും, പ്രിന്റിങ്ങ് പ്രസ്സും മാസികകളും ഏർപ്പെടുത്തുകയും, പള്ളികൾ പണിയിക്കുകയും, പുസ്തകങ്ങൾ അച്ചടിപ്പിക്കുകയും, സുവിശേഷവേലകൾ ചെയ്യിക്കുകയും, കായൽ കുത്തിക്കുകയും, വസ്തുക്കൾ സമ്പാദിക്കുകയും ചെയ്തു. സമുദായ

(ശേഷം പേജ് 7-ൽ)

## പുണ്യശ്ലോകനായ മലങ്കരയുടെ മാർ ദീവന്നാസ്യോസ് V യൗസേഫ് മെത്രാപ്പോലീത്താ

*(പേജ് 6-ൽ നിന്നും തുടർച്ച)*

ത്തിനു ഗുണകരമെന്നുതോന്നുന്ന ഏതുകാര്യവും നടത്തുന്നതിന് തിരുമേനി ഉത്സാഹിയായിരുന്നു.

### സ്വഭാവഗുണങ്ങൾ

മോർ ദീവന്നാസ്യോസ് അഞ്ചാമൻ യൗസേഫ് തിരുമേനിയുടെ ഭരണകാലം 1865 മുതൽ 1909 വരെയായിരുന്നു. വാർദ്ധക്യകാലത്തുപോലും പാ തിരാത്രിയിൽ എഴുന്നേറ്റ് ദീർഘനേരം പ്രാർത്ഥിക്കുവാൻ തനിക്കു ഒരു പ്രയാസവും ഇല്ലായിരുന്നു. തിരുമേനിയുടെ സെക്രട്ടറിയായിരുന്ന ഇ. എം. ഫിലിപ്പ് ഇപ്രകാരം രേഖപ്പെടുത്തിയിട്ടുണ്ട്-അനുതാപത്താലും പൊടിഞ്ഞ ഹൃദയത്തോടുകൂടിയ പ്രാർത്ഥനയാലും ദൈവത്തെ സ്വാധീനമാക്കാൻ ദാവീദിന്റെ ആത്മാവ് അദ്ദേഹത്തിൽ ഉണ്ടായിരുന്നു. ഏതു കാര്യം ഉദ്ദേശിച്ചുംകൊണ്ട് അദ്ദേഹം പ്രാർത്ഥിച്ചുവോ ആ കാര്യം അതിശയകരമായ വിധത്തിൽ സാധിച്ചു കിട്ടാൻ തക്കവണ്ണം തന്റെ എരിവേറിയ പ്രാർത്ഥനയ്ക്ക് ശക്തിയുണ്ടായിരുന്നു എന്നുള്ളതിന് ഞാൻ ഒരു ദൃക്സാക്ഷിയാകുന്നു. (രഹസ്യ പേടകം; പേജ് 53).

തിരുമേനി കാഴ്ചയ്ക്കു നല്ല സുമുഖൻ ആയിരുന്നു. മാധുര്യമേറിയ സംസാരം, സാധുക്കളോടു കരുണയുള്ള ധർമ്മിഷ്ഠൻ. പരമാർത്ഥ ഹൃദയമുള്ള പ്രതിക്രിയ ചെയ്യാത്ത ക്ഷമയുള്ള, കോപശീലമില്ലാത്തവനും, താഴ്മയിൽ അഗ്രഗണ്യനുമായിരുന്നു. വലിയ ബുദ്ധിമാനും തന്ത്രജ്ഞനും,കാര്യം സാധിക്കുന്നതിൽ വലിയ സമർത്ഥനുമായിരുന്നു. ദേശത്തിന്റെ വടക്കേ അറ്റം മുതൽ തെക്കേ അറ്റം വരെ എല്ലാ സുറിയാനിക്കാരാലും ബഹുമാനിക്കപ്പെടുകയും സ്നേഹിക്കപ്പെടുകയും ചെയ്തിരുന്ന ഈ തിരുമേനിക്കുമുമ്പ് മലങ്കരസഭയിൽ ഉണ്ടായിട്ടുള്ള മെത്രാപ്പോലീത്തന്മാരിൽ ഇദ്ദേഹത്തോളം ബുദ്ധിമുട്ടും ഞെരുക്കവും സഹിച്ചവരും ഇദ്ദേഹത്തോളം യശ്ശസ്സും മാനവും സമ്പാദിച്ചവരും സഭയ്ക്കു ശാശ്വതഗുണങ്ങൾ ചെയ്തിട്ടുള്ളവരുമായി വേറെ ആരേയും ചൂണ്ടിക്കാണിപ്പാനുണ്ടെന്നു തോന്നുന്നില്ല.

### മരണം

മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ തിരുമനസ്സിലേക്കു പ്രായാധിക്യവും ക്ഷീണവും മൂലം സഞ്ചരിപ്പാൻ വയ്യാതിരിക്കെ, വിശ്രമാർത്ഥം 1909 മകരമാസത്തോടുകൂടെ കോട്ടയം ചെറിയപള്ളിയിൽ വന്നു താമസമാക്കി. ഇവിടെവച്ച് വാതം, പുറത്ത് തോളിൽ പരു മുതലായ രോഗങ്ങൾ പിടിപെട്ടു. വിദഗ്ദ്ധ ചികിത്സകൾ പലതും ചെയ്തുനോക്കിയെങ്കിലും ക്ഷീണം വർദ്ധിച്ചുകൊണ്ടിരുന്നു. വി. കുർബ്ബാന അനുഭവിക്കുകയും കന്തീലാശുശ്രൂഷ നടത്തുകയും ചെയ്തു. ഒടുവിൽ നല്ല അനുതാപത്തോടുകൂടി 1909 ജൂലൈ 11-ാം തീയതി ഞായറാഴ്ച പകൽ 11.45 -ന് 77-ാം വയസ്സിൽ തിരുമേനി കർത്തൃസന്നിധിയിലേക്കു വാങ്ങിപ്പോയി. 1908 മെയ് 31-ന് മെത്രാന്മാരായി വാഴിച്ചിരുന്ന കൊച്ചുപറമ്പിൽ മാർ കൂറീലോസ് പൗലൂസ്, വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ് ഗീവറുഗീസ് എന്നിവരും; അന്ത്യോഖ്യാ പ്രതിനിധി മാർ ഒസ്ത്താത്തിത്യോസ് സ്ലീബാ ബാവായും മരണ സമയം അടുക്കൽ ഉണ്ടായിരുന്നു. വി. പത്രോസ്, വി. പൗലൂസ് ശ്ലീഹന്മാരുടെ ഓർമ്മ ദിവസം (അക്കാലത്ത് ജൂലിയൻ കലണ്ടർ ആയിരുന്നു മലങ്കരസഭയിൽ നടപ്പിൽ ഇരുന്നത്) ആയിരുന്ന പിറ്റേദിവസം തിങ്കളാഴ്ച (ജൂലൈ 12) ഉച്ചയ്ക്ക് അനേകം പള്ളിക്കാർകൂടി ആഘോഷത്തോടെ മൃതശരീരം പഴയസെമിനാരിയിലേക്കു കൊണ്ടുപോകുകയും സെമിനാരി പള്ളിയുടെ വടക്കെ വരാന്തയിൽ കിഴക്കെ അറ്റത്തുള്ള മുറിയിൽ ശുശ്രൂഷകൾക്കുശേഷം അടക്കുകയും ചെയ്തു.

ദുരുപദേശങ്ങൾ പള്ളികളിലും ജനങ്ങളുടെ ഇടയിലും നിറഞ്ഞു തുടങ്ങിയിരിക്കുന്നു. ഉടനെ ഒരു നിവൃത്തിയുണ്ടാക്കിയില്ലെങ്കിൽ സുറിയാനിസഭയും വിശ്വാസവും മലങ്കരെ ഇല്ലാതായിപ്പോകും. അതുകൊണ്ട് യൗസേഫ് കത്തനാർ ഉടനെ അന്ത്യോഖ്യായിലേക്കു പുറപ്പെട്ടു മെത്രാൻ സ്ഥാനം ഏറ്റുവരണം എന്നുള്ള ഇടവഴിക്കൽ പീലിപ്പോസ് കശീശായുടെ മനോവേദനയോടുകൂടിയ അഭ്യർത്ഥനയെ മാനിച്ച് കാഠിന്യമേറിയതും അത്യന്തം ക്ലേശപൂർണ്ണവുമായ ദൗത്യം ഏറ്റെടുത്തുകൊണ്ട് മലങ്കര യാക്കോബായ സുറിയാനി സഭയെ സത്യവിശ്വാസമാകുന്ന പാറയിൽ ഉറപ്പിച്ചുനിർത്തിയ മലങ്കരമെത്രാപ്പോലീത്താ പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് 5 യൗസേഫ് തിരുമേനി ഒരു വലിയ മഹാൻ തന്നെ ആയിരുന്നു എന്നതിന് സംശയം ഇല്ല.

**ലേഖകൻ അഭിവന്ദ്യ പുലിക്കോട്ടിൽ തിരുമേനിയുടെ സെക്രട്ടറിയും വിശ്വസ്ത ആലോചനക്കാരനും, മലങ്കര യാക്കോബായ സുറിയാനി ക്രിസ്ത്യാനി അസോസിയേഷന്റെയും മാനേജിംഗ് കമ്മറ്റിയുടെയും സെക്രട്ടറിയായി 1882 –1910 വരെ സേവനമനുഷ്ഠിച്ച ഇ. എം. ഫിലിപ്പ് ഇടവഴിക്കലിന്റെ പൗത്രനാണ്**

# സാന്ത്വന സ്പർശമേകി പാലിയേറ്റീവ് കെയർ....

തൂത്തൂട്ടി: മാറാരോഗങ്ങൾ ബാധിച്ച് ശയ്യാവലംബരായി, നിരാശാജനകമായ ജീവിതം നയിക്കുന്നവർക്ക് കൈത്താങ്ങ് നൽകുന്നതിനായി കോഴിക്കോട് മെഡിക്കൽ കോളേജ് പാലിയേറ്റീവ് കെയറിന്റെയും മലയാള മനോരമയുടെയും ആഭിമുഖ്യത്തിൽ ജൂൺ മാസം 8-ാം തീയതി തൂത്തൂട്ടി മോർ ഗ്രീഗോറിയോസ് ചാപ്പലിൽവച്ച് ബോധവൽക്കരണ ക്ലാസ് നടത്തപ്പെട്ടു. സമൂഹമധ്യെ സ്വയം അനാഥരായി ജീവിക്കുന്നവർക്ക് പ്രത്യാശനൽകുന്നതിനും സാന്ത്വന പരിചരണമേകി അവരെ ജീവതത്തിലേയ്ക്ക് തിരിച്ചുകൊണ്ടുവരേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് വിശദമാക്കിയും കോഴിക്കോട് പാലിയേറ്റീവ് കെയറിലെ ശ്രീ പീറ്റർ, ശ്രീ ജോസ് പുളിമൂട്ടിൽ എന്നിവർ ക്ലാസ് നയിച്ചു. ഷെയറിംഗ് മിനിസ്ട്രിയുടെ സഹകരണത്തോടെ നടന്ന ക്ലാസ്സിൽ ചാപ്പൽ വികാരി റവ. ഫാ. സഖറിയ തേറാമ്പിൽ അദ്ധ്യക്ഷത വഹിച്ചു. ബ്ലോക്ക് പഞ്ചായത്ത് അംഗം ശ്രീ. ടി. ആർ. രഘുനാഥൻ, പഞ്ചായത്ത് അംഗം ഏബ്രഹാം ജോസഫ്, ശ്രീ ഡായി ടി. ഏബ്രഹാം, ശ്രീമതി എൻ. ഇ. സൂസൻ എന്നിവർ സന്നിഹിതരായിരുന്നു.

ബോധവൽക്കരണ ക്ലാസിനോടനുബന്ധിച്ച് തിരഞ്ഞെടുക്കപ്പെട്ട വോളന്റിയേഴ്സിനായി ജൂൺ 23, 24 തീയതികളിലായി ദ്വിദിന ക്യാമ്പ് "സാന്ത്വന പരിചരണ പരിശീലന കളരി" സംഘടിപ്പിച്ചു. ക്യാമ്പ് അയർക്കുന്നം പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി. മറിയാമ്മ ജോർജ്ജ്കുട്ടി ഉദ്ഘാടനം ചെയ്യുകയും റവ. ഫാ. സഖറിയാ തേറാമ്പിൽ, ഡോ. കോയക്കുട്ടി, ഡോ. എസ്. മനു എന്നിവർ പ്രസംഗിക്കുകയും ചെയ്തു.

വോളന്റിയേഴ്സ് അയർക്കുന്നം പഞ്ചായത്തിലെയും സമീപ പ്രദേശങ്ങളിലെയും വീടുകൾ സന്ദർശിച്ച് വാർദ്ധക്യസഹജമായ പ്രയാസങ്ങൾ അനുഭവിക്കുന്നവരെയും തീരാരോഗങ്ങളാൽ ക്ലേശിക്കുന്നവരെയും കണ്ടെത്തി ആശ്വസിപ്പിച്ചു. തുടർന്ന് ജൂലൈ 12-ന് റവ. ഫാ. തോമസ് കറുകപ്പടിയുടെ നേതൃത്വത്തിൽ മന്ദിരം ആശുപത്രി പാലിയേറ്റീവ് കെയറിലെ ഡോ. കോയക്കുട്ടിയുടെയും സഹപ്രവർത്തകരുടെയും സഹകരണത്തോടെ പ്രയാസമനുഭവിക്കുന്നതായി കണ്ടെത്തിയവർക്ക് ചികിത്സ നൽകുകയും അവരെ ധൈര്യപ്പെടുത്തുകയും ചെയ്തു. വളരെ ചുരുങ്ങിയ നാളുകൾക്കൊണ്ട് ഇത്രയെങ്കിലും ചെയ്യാൻ സാധിച്ച ഈ പ്രസ്ഥാനവുമായി തുടർന്ന് പ്രവർത്തിക്കുവാൻ താൽപ്പര്യമുള്ളവർ ബന്ധപ്പെടുക. മൊബൈൽ: 9447195431

## കർത്താവിൽ നിദ്രപ്രാപിച്ചവർ

ജൂൺ 5: മാലം അക്കരക്കുന്നേൽ, തൊമ്മി മത്തായി (89)

ജൂൺ 7: മാലം, ആര്യാട് ഏലിയാമ്മ ഇട്ടിയവിര (92).

ജൂൺ 13: മണർകാട്, ആഞ്ഞിലിമൂട്ടിൽ, ഏലിയാമ്മ കുരുവിള(68)

ജൂൺ 18: മണർകാട്, പെരുമ്പഴക്കുന്നേൽ, ഏലിയാമ്മ കുര്യൻ (77)

ജൂൺ 19: തിരുവഞ്ചൂർ, മുണ്ടിയിൽ, ജേക്കബ് മാത്യു (25).

ജൂൺ 20: മാലം, പനന്താനത്ത്, മറിയാമ്മ ചാണ്ടി (76)

# മോർ ശെമവൂൻ ദെസ്തുനോ

*(പേജ് 3-ൽ നിന്നും തുടർച്ച)*

രികളാൽ പീഢിക്കപ്പെട്ട ജനങ്ങൾ പരിശുദ്ധന്റെ അടുക്കൽ അഭയം പ്രാപിച്ചു പ്രാർത്ഥിച്ചു. ഭരണാധികാരികൾക്കു ദൈവശിക്ഷ ലഭിക്കുകയും ചെയ്തു. ഒരിക്കൽ അറേബ്യയുടെ തീരപ്രദേശത്തുകൂടി സിറിയയിലേക്കു പോയ ഒരു യാത്രാക്കപ്പൽ കടൽക്ഷോഭത്താൽ മുങ്ങുവാൻ തുടങ്ങിയപ്പോൾ ഒരുവൻ മോർ ശെമവൂന്റെ മദ്ധ്യസ്ഥതയിൽ അഭയം പ്രാപിച്ചു. അദ്ദേഹത്തിന്റെ മദ്ധ്യസ്ഥതയാൽ അവർ അപകടത്തിൽനിന്നും രക്ഷപ്പെടുകയുണ്ടായി.

മോർ ശെമവൂന്റെ നോമ്പ് അവർണനീയവും പ്രാർത്ഥനകൾ അജ്ജയവും ശക്തിമത്തും ആയിരുന്നു. അദ്ദേഹം ദൈവതിരുമുമ്പാകെ വിശപ്പും ദാഹവും സഹിച്ചു. വിശ്രമമെന്യേ എക്കാലവും ചൂടും തണുപ്പും ഏറ്റു. രാവിനെ പകലായിക്കണ്ട് താൻ തന്റെ നയനങ്ങൾക്കു മയക്കവും ശരീരത്തിനു വിശ്രമവും നൽകാതെ അൻപത്തിയാറു സംവത്സരം നിന്നു. അനുഷ്ഠാനങ്ങളോടും വ്രതത്തോടുംകൂടെ ഒൻപതുപർഷം ദയാറായിലും 47 വർഷം തെൽനെശയിലെ മതിൽക്കെട്ടിനുള്ളിലും നിന്നു. പിന്നീട് 7 വർഷം തൂണുകളിലും അതിനുശേഷം 40 മുഴമുള്ള തൂണിൽ 30 വർഷവും അദ്ദേഹവും നിന്നു തപസ്സു ചെയ്തു. അതിനുള്ള ബലവും ശക്തിയും ദൈവം അദ്ദേഹത്തിനു നൽകി. ഈ താപസശ്രേഷ്ഠൻ തന്റെ നാഥന്റെ വാതുക്കൽ വിശ്വാസത്തോടെ മുട്ടുകയും അതു തുറക്കപ്പെടുകയും ചെയ്തു. അദ്ദേഹം പൂർണ്ണഹൃദയത്തോടെ ദൈവത്തെ വിശ്വസിക്കുകയും ആദരിക്കുകയും ചെയ്തിരുന്നു. ദൈവത്തോടുള്ള സ്നേഹം തന്റെ ജീവനേക്കാളും അധികമായി വിലമതിച്ചു. കർത്താവു തന്റെ വിശ്വാസതീക്ഷ്ണത കണ്ടു സകല മനുഷ്യരും കാൺകെ അദ്ദേഹത്തിന്റെ മേൽ കരുണ ചെയ്തു.

തന്റെ അന്ത്യനാളുകൾ അടുത്തപ്പോൾ ഏറ്റവും പിയപ്പെട്ട ശിഷ്യനെ വിളിച്ച് ഈ തുകൽ വസ്ത്രമല്ലാതെ മറ്റു യാതൊന്നും എന്റെ ശരീരത്തിൽ ധരിച്ചിട്ടില്ലായെന്നു നിനക്കറിയാമല്ലോ. എന്റെ ശരീരത്തിൽ ഈ തുകൽ വസ്ത്രമല്ലാതെ മറ്റു യാതൊന്നും ധരിപ്പിക്കരുത് എന്നു കല്പിച്ച് അദ്ദേഹം ശിഷ്യന്മാരെ കർത്താവിങ്കൽ ഏല്പിക്കുകയും അവിടെ കൂടിയിരുന്നവരെ അനുഗ്രഹിക്കുകയും ചെയ്തു. തന്റെ ആത്മാവിനെ കർത്താവിന്റെ കൈകളിലേക്കു ഭരമേല്പിച്ചു ഈ ലോകത്തിലെ ദുരിതങ്ങളിൽനിന്നു വിമുക്തി നേടി.

പരിശുദ്ധന്റെ മരണ വാർത്തയറിഞ്ഞു ദുഃഖാർത്തരായ ജനങ്ങൾ കൂട്ടമായികൂടി സ്വർഗ്ഗത്തിലേക്കു കൈകളുയർത്തി ദൈവത്തെ സ്തോത്രം ചെയ്തു. ശ്രേഷ്ഠ പിതാവിന്റെ വിശുദ്ധശരീരം അഞ്ചുദിവസം ആഘോഷപൂർവ്വം വയ്ക്കുകയും ദയറായിൽനിന്നും തിങ്കളാഴ്ച ദിവസം വിലാപയാത്ര പുറപ്പെട്ടു. സുഗന്ധവർഗങ്ങൾ ധൂപിച്ചിരുന്നു-ദീപയഷ്ടികൾ പ്രകാശിപ്പിച്ചിരുന്നു. വലിയ ആഘോഷത്തോടും അവർണ്യമായ സ്തുതിപ്പുകളോടും കൂടെ വലിയ പട്ടണമായ അന്ത്യോഖ്യായിലെ വലിയ പള്ളിയിൽ വെള്ളിയാഴ്ച ദിവസം മൃതശരീരം അടക്കം ചെയ്തു. പുണ്യവാന്റെ ഓർമ വാഴ്വിനായി തീരട്ടെ. (യൗനായ വർഷം 771)





# BE YOUR OWN BOSS!-Job Opportunity's

## This is a once - in - a - lifetime career opportunity

**Find the flexible job you dreamt of - right here, right now!**
**Know the happiness of financial freedom.**

**WHAT'S MORE, IT DOESN'T MATTER HOW OLD YOU ARE.**

**EVERYONE IS ELIBGILE !**

**[ RETIRED OFFICERS, GRADUATES, HOUSE WIFES & CURRENTLY EMPLOYED]**

And you'll be working with the most reputed firm in the industry

**SO WHAT ARE YOU WAITING FOR?**

**CALL: 9946844480, 9946960777, 9946678777**


Published by St. Mary's Youth Association, Manarcad : For Private Circulation only. Printed at Revi Printers, Kottayam